[Mr. P. Balakrishnan Tampi]

make a very small lane, as described by Mr. Nataraja Pillai, to that extent the scheme of the Act is affected by the amendment. I was going to be very positive about the principles of legislation,—it is note quite in consonance with accepted principles of legislation that the operative portion of an Act should be allowed to be defeated by an amendment to a schedule. With these words, Sir, I am opposing the amendment of Mr. Nataraja Pillai.

There is another amendment moved by Mr. Sreedhar. I oppose that amendment not in sympathy with the domestic labour also — labour in hotels and public meeting places. I think that under the scheme of this Act it will not be feasible to bring in that section of labour. It is better to bring in a more comprehensive legislation, bringing within its ambit not merely people who work in hotels and eating places but also domestic places. Let us go in for another legislation in a systematic and methodical manner so that the scheme of society might be put into that ideal order of tomorrow.

The amendment was put to vote and lost.

The question that Schedule-Part I do stand part of the Bill was put and carried.

The Schedule—Part I was added to the Bill.

Schedule—Part II.

MR. P. C. GEORGE: Sir, I do not move my amendment.

There being no further amendment the question that Schedule—Part II do stand part of the Bill was put and carried.

The Schedule—Part II was added to the Bill.

ADJOURNMENT MOTION RE:LABOUR SITUATION AT ALLEPPEY

MR. PRESIDENT: The time being 4' of the clock now, the House will now proceed to the adjournment motion fixed for the day.

MR. P. S. MUHAMMAD: I beg to move that the business of the House be adjourned for the purpose of discussing a definite matter of urgent public importance, *viz.*, the grave and alarming situation that has arisen in Alleppey and in its suburbs, out of the recent occurrences created by the serious labour troubles followed by the use of brutal force and Police interference.

സർ, ഈ മോഷൻ ഞാൻ ഇവിടെ അവതരിപ്പിക്കുന്നതു് ഗവണ്മെൻറിന്റെ ദൃഷ്ടി അല്പെങ്കിൽ ശ്രദ്ധ ആലപ്പുഴ ഉൾപ്പെടുന്ന അമ്പലപ്പുഴ താലൂക്കിലേക്കും ചേർത്തലതാലൂക്കിലേക്കും പതിയണമെന്നുള്ള ഉദ്ദേശത്തിലാണു്. കഴിഞ്ഞ കുറേ വർഷങ്ങളായി ആലപ്പുഴ പട്ടണത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഭയങ്കരമായ സംഭവങ്ങൾ പലപ്പോഴും ഈ സഭയിലെ മെമ്പറന്മാരെത്തന്നെ വൈഷമ്യത്തിലാക്കീട്ടുള്ളതായ സന്ദർഭങ്ങൾ ഉണ്ടാക്കീട്ടുണ്ടു്. കുറേ കൊല്ലങ്ങൾക്കു മുമ്പു് നമ്മുടെ രാജ്യത്തു് പൊതുവേ രാഷ്ട്രീയസംഗതി

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിനുവേണ്ടി വിദ്യാർത്ഥികളെപ്പോലെതന്നെ തൊഴിലാളികളേയും ഉപയോഗിച്ചുകൊണ്ടിരുന്നതായ സന്ദർഭങ്ങളുണ്ടായിരുന്നു. അന്ന് അതിന് ആവശ്യവും ഉണ്ടായിരുന്നു. അതു് പൊതുവേ രാജ്യത്തിന്റെ ആവശ്യവുമായിരുന്നു. എന്നാൽ ഇന്ന് ജനകീയഭരണം വന്നതിനശേഷവും അതേ രീതിയിൽതന്നെ ചില രാഷ്ട്രീയ കക്ഷികൾ തൊഴിലാളിയൂണിയൻകളെ ഉപയോഗിച്ചു കൊണ്ടിരിക്കുന്നു. ഇന്നു ആലപ്പുഴയിൽ മുതലാളികളും തൊഴിലാളികളുംതമ്മിൽ ഒരു മത്സരം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ് ചെയ്യുന്നതു്. തിരുവിതാംകൂറിൽ കമ്മ്യൂണിസ്റ്റുകാരുടെ പ്രവർത്തനം ക്രൂരതലായിട്ടുണ്ടെങ്കിൽ അതു ആലപ്പുഴ പട്ടണത്തിലാണ്. അതിന് കാരണങ്ങളുമുണ്ട്. സംഘടിതമായ തൊഴിലാളിപ്രവർത്തനങ്ങൾ ഈ സംസ്ഥാനത്തു് ഏറ്റവും ക്രൂരതൽ ശക്തിയായി നടക്കുന്നതു് ആ പ്രദേശങ്ങളിലാണ്. അതുകൊണ്ടു് കമ്മ്യൂണിസ്റ്റുകാരുടെ പ്രവർത്തനങ്ങൾക്ക് അവിടെ ക്രൂരതൽ സൌകര്യവുമുണ്ട്. ഈ തൊഴിൽ കേന്ദ്രങ്ങളിൽ പലതിലും കമ്മ്യൂണിസ്റ്റുകാക്ക് അവരുടെ സ്വാധീനശക്തി ചെലുത്തുവാൻ സാധിച്ചിട്ടുള്ളതിനാൽ, തൊഴിലാളികളുടെ ഇടയിൽ കമ്മ്യൂണിസ്റ്റു ശക്തിക്ക് വലിയ പ്രാബല്യം സിദ്ധിച്ചുകഴിഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായി പല വൈഷമ്യങ്ങളും അവിടെ ഉണ്ടായിക്കൊണ്ടാണിരിക്കുന്നതു്. അങ്ങിനെ കമ്മ്യൂണിസ്റ്റു സ്വാധീനശക്തി അവിടെ ഉണ്ടെന്നു് വിചാരിച്ചുകൊണ്ടു്, പല അനാശാസ്യപ്രവർത്തികളും ചെയ്തു പോരുന്നുണ്ടെന്നുള്ളതു്, ഭയങ്കരമായ ഒരു സംഗതിയാണ്. അവിടെ കുറെ കമ്മ്യൂണിസ്റ്റുകാർ ഉണ്ടു്. അവർക്കു് തൊഴിലാളികളുടെ ഇടയ്ക്കു സ്വാധീനശക്തി ചെലുത്തത്തക്കവണ്ണമുള്ള രംഗങ്ങൾ ഉണ്ടാകുന്നതുകൊണ്ടാണു് അവിടെ പല പ്പോഴും പ്രക്ഷോഭണങ്ങൾ ഉണ്ടാകുന്നതു്. ഇതിടെയായിട്ടു് തൊഴിലാളികളും മുതലാളികളും തമ്മിൽ ഉള്ള മത്സരത്തിന്റെ പേരിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ ഗവണ്മെന്റു് മനസ്സിലാക്കിയിട്ടുണ്ടെന്നാണു് ഞാൻ വിചാരിക്കുന്നതു്. മുതലാളികളുടെ പേരിലാണോ തൊഴിലാളികളുടെ പേരിലാണോ കുറ്റം എന്നുള്ള സംഗതിയല്ല ഞാൻ ഇപ്പോൾ കൊണ്ടുവരുവാൻ ശ്രമിക്കുന്നതു്. തൊഴിലാളികൾ മുതലാളിയെ—അതും വളരെ ഉയർന്ന നിലയിലുള്ള ഒരു കമ്പനിയിലെ മാനേജരെ അടിക്കുന്നതിനുള്ള സന്ദർഭം ഉണ്ടാകുന്നുവെങ്കിൽ അതിന്റെ ഭവിഷ്യത്തു് എന്തായിരിക്കുമെന്നാണു് നാം നോക്കേണ്ടതു്. പാവപ്പെട്ട തൊഴിലാളികൾ പോലീസ്കാരുടേയും പട്ടാളക്കാരുടേയും തോക്കിനിരയാകാതെ അവരെ സൂക്ഷിക്കേണ്ട ചുമതല തിരുവിതാംകൂറിലെ ജന

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhammed]

ങ്കേപ്പിക്കുണ്ട്. ഗവണ്മെൻറിനുണ്ട്. അതുകൊണ്ട് ഈ സന്ദർഭത്തിൽ തന്നെ ഈ സംഗതിയെപ്പറ്റി പ്രത്യേകം പര്യാലോചിക്കുകയും ഗവണ്മെൻറ് ഈ സംഗതിൽ ശക്തിയേറിയ ഒരു നിലസ്വീകരിക്കുകയും തെറ്റ് മുതലാളിയുടെ ഭാഗത്താണെന്നുവരികിൽ യാതൊരു ദാക്ഷിണ്യവും കാണിക്കാതെ അയാളെ ശരിയ്ക്കു നിത്താൻ ശ്രമിക്കുകയും അതല്ല, തൊഴിലാളികളുടെ ഭാഗത്താണ് തെറ്റ് എന്ന് കാണുന്ന പക്ഷം തെറ്റ് തെറ്റാണെന്ന് അവരെ മനസ്സിലാക്കുകയും, കമ്മ്യൂണിസ്റ്റുകാരുടെ കുഴപ്പം ഉണ്ടാകുന്ന എന്ന വരുകിൽ അവരുടെ പേരിൽ നടപടി എടുക്കുകയും, ബഹുഭൂരിപക്ഷക്കാരായ സാധാരണ തൊഴിലാളികം, ഗവണ്മെൻറിനെ വിശ്വസിച്ച്, ഗവണ്മെൻറുമായി സഹകരിച്ച പോരത്തക്കവണ്ണം ഉള്ള പരിതസ്ഥിതി സൃഷ്ടിക്കുകയും ചെയ്യേണ്ട മുമതല ഗവണ്മെൻറിനുണ്ട്. ആലപ്പുഴയേ സംബന്ധിച്ചാണെങ്കിൽ ഞാൻ മുമ്പു പറഞ്ഞു ഇടയിടെ അവിടെ ഡാറാഇസ്മെയിൽ കമ്പനിയിൽ തൊഴിലാളികളും മുതലാളികളുമായി അടി വരെ ഉണ്ടായി എന്ന്. അങ്ങനെയുള്ള ഒരു രംഗം അവിടെ ഉണ്ടായതു് മുതലാളിയും തൊഴിലാളികളും തമ്മിൽ ഉണ്ടായ ക്രൂലി സംബന്ധമായ തർക്കം ദീർഘിപ്പിച്ചു കൊണ്ടുപോയതുകൊണ്ടാണ്. ഈ കമ്പനിയിൽ ഇരുപത്തെട്ടു ജോലിക്കാർ ക്രൂലി ക്രട്ടിക്കിട്ടണമെന്നാവശ്യപ്പെട്ടു. മാനേജർ ക്രൂട്ടൽ കൊടുക്കുകയില്ലെന്നു പറഞ്ഞു. അവർ അവരുടെ ഡിമാൻറ് മുറുക്കുകയും മാനേജർ അവരിൽ കുറേപ്പേരെ മാറ്റി വെളിയിലാക്കുകയും ചെയ്തു. അങ്ങനെ അവിടെ ഒരു മാസം. അതേരീതിയിൽ തന്നെ, കയർ മുറുക്കുന്നതായ സ്ത്രീതൊഴിലാളികളുടെ ഇടയിൽ ആഴ്ചയിൽ പല ദിവസങ്ങളിലും അവർക്കു വേല ഇല്ലാതെ ആയിത്തീരുന്നതുകൊണ്ട്, അവർക്ക് കിട്ടുന്ന സംഖ്യ തീരെ തുച്ഛമായിരിക്കുന്നുവെന്നും അതിനാൽ അവർക്ക ക്രൂലി ക്രൂട്ടൽ കിട്ടണമെന്നും ഒരു പരിതസ്ഥിതി ഉണ്ടായി. ഇതു രണ്ടും ക്രൂടിയുണ്ടായിട്ടും സന്ധിമാർഗ്ഗത്തിൽ ഏർപ്പെടാതെ കുറെ തൊഴിലാളികളും മാനേജ്മെൻറും തമ്മിൽ വലിയ കശപിശ ഉണ്ടായതിൻെറ ഫലമായിട്ടാണ് മേൽപറഞ്ഞ സംഭവം നടന്നതു്. എന്നാൽ ആരെങ്കിലും നേരത്തേ അതിലിടപെട്ടിരുന്നുവെങ്കിൽ പാവപ്പെട്ട സായ്പിനെ അടിക്കാൻ ഇടവരികയില്ലായിരുന്നു. പിന്നെ ഇതെയെല്ലാം നടന്നതിനുശേഷം അവിടെ നാം ഏതു ശക്തി പ്രയോഗിച്ചാലും യാതൊരു പ്രയോജനവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മുതലാളികളേ സംബന്ധിച്ചു പറയുകയാണെങ്കിൽ കഴിയുന്നതും, അവർതൊഴിലാളികളോട് സഹകരിച്ചു പോകണമെന്നാണ് എനിക്കു പറയുവാനുള്ളത്. തൊഴിലാളികൾക്കാണെങ്കിൽ അവർക്കു മറ്റുവിധത്തിൽഉദ്ദേശമില്ലെങ്കിലും മറ്റു വിധത്തിലുള്ള പ്രേരണകൾക്ക് വശംവദരായി പ്രവർത്തിക്കാതിരിക്കാൻ സാധ്യമല്ല. ആ നിലയിൽ അവിടെ മുതലാളികളും തൊഴിലാളികളുമായിട്ടുള്ള മത്സരം. സ്വാഭാവികമായുണ്ടാകാവുന്നതു തടുക്കുവാനുള്ള മുതല, രാജ്യസ്നേഹമുള്ള എല്ലാവരുടേയും കർത്തവ്യമാണ്. ഇതാണ് എനിക്ക് പറയുവാനുള്ളത്. ഇന്നത്തെ നില നോക്കുകയാണെങ്കിൽ തൊഴിലാളികൾതന്നെ രണ്ടു ഭാഗമാണ്. രണ്ടു സംഘടനയായിട്ടുതന്നെ പ്രവർത്തിക്കുന്നു. യഥാർത്ഥത്തിൽ കമ്മ്യൂണിസ്റ്റുകാരല്ലാത്ത ഇവർ തമ്മിലുള്ള മൽസരത്തിൽനിന്ന് കമ്മ്യൂണിസ്റ്റുകാർ മുതലെടുക്കുന്നുണ്ട്. ഈ രണ്ടു സംഘടനകളും ഒന്നോചേർന്ന് പ്രവർത്തിച്ചാലും ശരി പരസ്പരഗുണത്തിനുവേണ്ടി പ്രത്യേകം പ്രത്യേകം പ്രവർത്തിച്ചാലും ശരി, അതു പ്രയോജനകരമായിരിക്കും. എന്നാൽ ഈ തക്കം നോക്കി കമ്മ്യൂണിസ്റ്റുകാർ കുഴപ്പം ഉണ്ടാക്കുകയാണെങ്കിൽ അതു എവിടെ ചെന്നവസാനിക്കുമെന്ന് ആർക്കും പറയാൻ സാധിക്കുകയില്ല. എന്നാൽ അങ്ങനെ കമ്മ്യൂണിസ്റ്റുകാരെ തടയുന്നതിന് നാം നടപടി എടുക്കുകയാണെങ്കിൽ അതു പൊതുവേ തൊഴിലാളികൾക്ക് വിഷമമുണ്ടാകാതെ സൂക്ഷിക്കേണ്ട ആവശ്യം നമുക്കുണ്ട്. ഈ സമാധാനമില്ലായ്മ വരുമ്പോൾ പോലീസുകാർ അവരുടെ കർത്തവ്യം നിർവഹിക്കുന്നതിനു മുന്നോട്ടു വരും. അപ്പോൾ നമ്മുടെ ഉദ്ദേശത്തിന് വിപരീതമായിട്ടുതന്നെ പോലീസുകാരെ അഴിച്ചു വിടേണ്ടതായി വരും. ഇതുകൊണ്ട് ഗവണ്മെൻറ് അവിടെപോയി ഈ സ്ഥിതി പരിഹരിക്കണമെന്നല്ല ഞാൻ പറയുന്നത്. പോലീസുകാരെ ശരിയായി നിയന്ത്രിക്കേണ്ട ആവശ്യമുണ്ട്. അതിനു പരിഹാരമായി എനിക്കു പറയുവാനുള്ളത് കുറെ ഉത്തരവാദിത്വമുള്ള ആളുകളെ ഒരു കമ്മിറ്റിയായി നിയമിച്ച് ഈ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നതിന് ഏർപ്പാടു ചെയ്യുകയാണ്. മുതലാളിമാരിൽനിന്ന് തൊഴിലാളികൾക്ക് യാതൊരു വിധമായ ഉപദ്രവങ്ങളും ഉണ്ടാവുകയില്ലെന്നുള്ള വിശ്വാസം വരുത്തുന്നതിന് വേണ്ട ഒരു പരിതഃസ്ഥിതി ഈ കമ്മറ്റിയുടെ പ്രവർത്തനഫലമായി അവിടെ ഉണ്ടാക്കണം. അങ്ങനെ ചെയ്യുകയാണെങ്കിൽ ഇന്നു കാണുന്ന അസ്വസ്ഥതകൾക്ക് ശമനമുണ്ടാകുമെന്നതന്നെ ഞാൻ വിശ്വസിക്കുന്നു. അതിന് ഗവണ്മെൻറ് വേണ്ടതു ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. EAPEN ARACKAL : സർ, ആലപ്പുഴ പട്ടണത്തിൽ സംജാതമായിരിക്കുന്ന സ്ഥിതിഗതികൾ ഗവണ്മെൻറിന്റെയും ഈ സഭയുടെയും എന്നുവേണ്ട പൗരബോധമുള്ള ഏതൊരു സാധാരണക്കാരന്റെയും സവിശേഷമായ ശ്രദ്ധയെ ആകർഷിക്കുന്ന ഒന്നാണ്. അത് എത്രമാത്രം ഗുരുതരമായ ഭവിഷ്യത്തുകളിലേയ്ക്കാണ് നമ്മെ ആനയിക്കുന്നതു എന്നുള്ളത് വളരെ വിശദമായി ചർച്ചചെയ്യേണ്ട ഒരു സംഗതിയാണ്. സമാധാനമായും സൈ്വരമായും ജീവിക്കുന്നതിന് എല്ലാ വ്യക്തികൾക്കും ഉള്ള അവകാശത്തെ ഉറന്ന് നിഷേധിച്ചുകൊണ്ട് ഏതാനും തല്പരകക്ഷികൾ അവരുടെ പ്രവർത്തനം മുമ്പോട്ട കൊണ്ടുപോയ്ക്കൊണ്ടിരിക്കുകയാണ്. ഇന്നു ഗവർമ്മെൻറിനെയും നമ്മുടെ രാജ്യത്തെയും അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനമായ കാര്യങ്ങൾ ഏതെല്ലാമാണെന്ന് നോക്കിയാൽ ഒന്നു കമ്മ്യൂണിസ്റ്റുകാരുടെ പ്രവർത്തനങ്ങളുടെ ഉഗ്രതയും മറെറാന്നു വിദ്യാർത്ഥികളുടെ ഇടയിൽ കടന്നു കൂടിയിട്ടുള്ള അസ്വസ്ഥതയുമാണെന്ന് പറയുകയാണെങ്കിൽ അതിൽ വലിയ അഭിപ്രായവ്യത്യാസമുണ്ടാകുമെന്ന് തോന്നുന്നില്ല. വിദ്യാർത്ഥികളുടെ കാര്യത്തെ സംബന്ധിച്ചു ഇന്നലെ ഈ സഭയിൽ ഒരു അടിയന്തിരപ്രമേയം അവതരിപ്പിക്കുകയും തീവ്രമായ വാദപ്രതിവാദം നടത്തുകയും ചെയ്തു. വിദ്യാർത്ഥികളുടെ ഇടയിൽ അസ്വസ്ഥതകളും വൈഷമ്യങ്ങളും ഉണ്ടാക്കാൻ അവരെ ഇളക്കിവിടുന്നതു കമ്മ്യൂണിസ്റ്റുകാരാണെന്ന് ഇന്നലെ നടന്ന വാദപ്രതിവാദത്തിൽ നിന്നും നാം മനസ്സിലാക്കികഴിഞ്ഞു. ആലപ്പുഴ പട്ടണത്തിൽ കമ്മ്യൂണിസ്റ്റു പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാബല്യം സിദ്ധിച്ചിട്ടുണ്ടെന്ന് പറയുന്നതിൽ ആർക്കും അഭിപ്രായവ്യത്യാസം കാണുകയില്ല. അവർക്കു രാജ്യത്തു് ഏതുസമയത്തും അസ്വസ്ഥതയും അസമാധാനവും ഇളക്കിവിട്ടുകൊണ്ടിരുന്നാൽ അതിൽ നിന്നുണ്ടാകുന്ന കുഴപ്പങ്ങളെയും ലഹളകളേയും നേരിടുന്നതിന് ഗവൺമെൻറ് പോലീസിനെയും നിയോഗിക്കേണ്ടിവരുമെന്ന് അവർക്കു് നിശ്ചയമുണ്ട്. അങ്ങനെ പോലീസും പട്ടാളവും ഇടപെടുമ്പോൾ അവരുടെ പ്രവർത്തകൾ എല്ലായ്പ്പോഴും തുക്കിനോക്കി സീമവിട്ട് അണുപോലും അപ്പുറം പോകാതിരിക്കുകയില്ലെന്നും അവർക്കറിയാം. ചിലപ്പോൾ നിയന്ത്രണത്തിനും നിയമത്തിനും വിധേയമാകാതെതന്നെ ചില പ്രവർത്തികൾ പോലീസും പട്ടാളവും ചെയ്തുപോയി എന്നുവരാം. അങ്ങനെ വരുമ്പോൾ ജനങ്ങളെ ഇളക്കിവിട്ട് സ്ഥിതിഗതികൾ കൂടുതൽ വഷളാകും.

LIBRARY ARCHIVES Kerala Legislative Assembly

MR. V. K. VARGHESE: ആലപ്പുഴയിലെ സ്ഥിതിഗതികൾ വഷളായതു് പോലീസു് ഇടപെടലിനു് മുമ്പാണോ പിമ്പാണോ?

MR. EAPEN ARACKAL: പോലീസ് ഇടപെടുന്നതിനുമുമ്പാണെന്നാണു് ഞാൻ മനസിലാക്കുന്നതു്. പോലീസിന്റെയും പട്ടാളത്തിന്റെയും ഇടപെടൽകൊണ്ടു് സ്ഥിതിഗതികൾ കൂടുതൽ വഷളാക്കുന്നതിനു് ഇന്നത്തെ ഗവണ്മെന്റു് അനുവദിക്കയില്ലെന്നുള്ളതിൽ പക്ഷാന്തരം ഉണ്ടാവുകയില്ലെന്നാണു് എന്റെ വിശ്വാസം. ഭാരിച്ചുത്തിന്റെയും പട്ടിണിയുടെയും പ്രയാസങ്ങളുടെയും തണലിൽ നിന്നുകൊണ്ടു് തൽപര കക്ഷികൾ കുഴപ്പം ഉണ്ടാക്കുന്നതിനു് ബദ്ധശ്രദ്ധരായി പ്രവർത്തിച്ചുകൊണ്ടിരിക്കയാണു്. അമ്പലപ്പുഴതാലൂക്കിലും ചേർത്തലതാലൂക്കിലും ഉള്ള തൊഴിലാളികൾക്കു് സൈരമായി ജീവിക്കുന്നതിനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കുവാൻ സാധിക്കുന്നില്ലെന്നു് പറയാൻ എനിക്കു് വളരെ മടിയുണ്ടു്. തൊഴിലാളിപ്രശ്നത്തെ നേരിടുന്നതിനു് വ്യക്തമായ എന്തെങ്കിലും നിർദ്ദേശം ഗവണ്മെൻറിനു് നൽകുവാൻ ഞാൻ ഒരുങ്ങുന്നില്ല. എന്നാൽ രാജ്യത്തു സമാധാനപരവും നിയമപരവുമായ ഒരു ജീവിതം നയിക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിൽ ഗവണ്മെൻറിനു് വലുതായ ചുമതലയുണ്ടു്. അതുകൊണ്ടു് ഇത്തരം ഗുരുതരമായ ഒരു അന്തരീക്ഷം സംജാതമാകുമ്പോൾ ഏതുതരത്തിലാണു് പ്രശ്നപരിഹാരികളെ സമാധാനിപ്പിക്കുന്നതിനു് സാധിക്കുന്നതു്, എങ്ങനെയാണു് അവരെ അതിൽ നിന്നും പിന്തിരിപ്പിക്കേണ്ടതു് എന്നെല്ലാം ആലോചിച്ചു പ്രവർത്തിക്കേണ്ടതു് ഗവണ്മെൻറിന്റെ ചുമതലയാണു് എന്നും പറയാതെ നിവൃത്തിയില്ല. അങ്ങിനെ ഒരു ശ്രമം ചെയ്തു കഴിഞ്ഞാലും അതിൽനിന്നും പിന്തിരിയാതെ വഴക്കുകളും ബഹളങ്ങളും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതിനു് ആരെങ്കിലും തുനിയുന്നുവെന്നു ബോദ്ധ്യമായാൽ ഗവണ്മെൻറു് അതിനെ വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽ കൂടി നേരിടുകയാണു് വേണ്ടതെന്നു് പ്രസ്താവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവരുടെ അവശതകൾ മനസ്സിലാക്കി അതിനൊരു പരിഹാരമുണ്ടാക്കിയും മറും അവരെ സമാധാനമായ മാർഗ്ഗങ്ങളിൽ കൂടി പ്രക്ഷോഭണത്തിൽ നിന്നു പിന്തിരിയുന്നതിനു് പ്രേരിപ്പിക്കാൻ സാധിക്കുകയില്ലേ എന്നു് ചോദിക്കുന്നവരും കണ്ടേയ്ക്കാം. കഴിവുള്ളിടത്തോളം അവരുടെ അവശതകൾക്കു് ന്യായമായ പരിഹാരങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നുള്ളതിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. അവരുടെ ന്യായമായ അവകാശവാദങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്ന കാര്യത്തിൽ സകല

LIBRARY ARCHIVES Kerala Legislative Assembly

കഴിവുകളും ഉപയോഗിക്കേണ്ടതു് ഗവണ്മെൻറിന്റെ കടമയാണെന്നു് പറയുവാൻ ഞാൻ മടിക്കുന്നില്ല. കഴിഞ്ഞ രണ്ടു മൂന്നു ആഴ്ചകളായി ആലപ്പുഴ നടന്ന സംഭവങ്ങളെപ്പറ്റി ചിന്തിക്കുന്നതായാൽ എന്റെ സ്നേഹിതൻ മി. പി. എസ്സ്. മുഹമ്മദു പറഞ്ഞതു പോലെ സ്ത്രീകൾ പോലും അക്രമപ്രവർത്തനങ്ങൾ നടത്തി യൂറോപ്യൻ കമ്പനിമാനേജരെ ധിക്കാരമായി ദേഹോപദ്രവമേല്പിക്കാൻ പോലും തയ്യാറായെന്നുള്ള വസ്തുത സുവിദിതമായ ഒരു കാര്യമാണു്. സ്ത്രീകളെപ്പോലും ഇങ്ങനെ അക്രമപരമായ മാർഗ്ഗങ്ങളിലേക്കു ഇളക്കിവിട്ടാൽ അവരുടെ അവകാശവാദങ്ങളുടെ അവസാനം എന്തായിരിക്കുമെന്നു് എനിക്കു് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഒരു കാര്യം ഈ അവസരത്തിൽ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു രണ്ടു കൊല്ലമേ ആയുള്ളൂ. അതായതു് ഫ ഫ ഫ ഉലാത്തിലാണു് ആ സ്ഥലത്തു് തിരുവിതാംകൂറിനെ മുഴുവൻതന്നെ വിഷമിപ്പിച്ച ഗുരുതരമായ സംഭവങ്ങൾ നടന്നതു്. അതിനു് മുന്നോടിയായി അവിടെ ഉണ്ടായിക്കൊണ്ടിരുന്ന അസ്വസ്ഥതകളും മിക്കവാറും ഇന്നുള്ളതു പോലെതന്നെയാണു്. അന്നും ആ സംഭവവികാസങ്ങളെപ്പറ്റി അധികൃതരെ പോലീസധികാരികളും മജിസ്ട്രേട്ടന്മാരും യഥാകാലം അറിയിച്ചുകൊണ്ടിരുന്നുവെന്നാണു് എന്റെ അറിവു്. അന്നു് ഒരുപക്ഷേ അധികാരികൾ വിചാരിച്ചിരുന്നിരിക്കാം, ഈ സംഗതികളെല്ലാം താനേ ശരിപ്പെട്ടു് സമാധാനമായിക്കൊള്ളുമെന്നു്. തൽക്കാലം അസ്വസ്ഥതകൾ ഉണ്ടായാലും സാധാരണഗതിയിൽ സാഹചര്യങ്ങൾ മാറിവരുമ്പോൾ അതു താനേ മയങ്ങിക്കൊള്ളുമെന്നു വിചാരിച്ചിരിക്കാം. എന്നാൽ ഒരു ദിവസം കാലന്റെ ആ അഗ്നിപർവ്വതം അതിനുള്ളിൽ ശേഖരിച്ചിരുന്ന മുഴുവൻ ശക്തിയോടുംകൂടി പൊട്ടെന്നു് പൊട്ടുകയാണു് ഉണ്ടായതു്. അതിനശേഷമുണ്ടായ സംഭവങ്ങളൊന്നും പ്രസ്താവിക്കേണ്ടയാവശ്യമില്ല. ഇന്നു നടക്കുന്ന സംഭവങ്ങളെപ്പറ്റി ഗവണ്മെൻറു് ഗാഢമായി ചിന്തിക്കുകയും വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിൽകൂടി അവയ്ക്കു് പോംവഴികൾ കണ്ടെത്തുകയുംവേണം. അവരുടെ ന്യായമായ അവകാശവാദങ്ങൾ അനുവദിച്ചുകൊടുക്കുന്നതിനും അവ സാധിച്ചുകൊടുക്കുന്നതിനും അതേസമയംതന്നെ നിയമത്തിനും സമാധാനത്തിനും എതിരായുള്ള പ്രവർത്തനങ്ങളെ തടയുന്നതിനും ഗവണ്മെൻറിനു് പരമമായ ഒരു കടമയുണ്ടെന്നുകൂടി പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. N. DANIEL JOSE : Mr. President, Sir, the very fact that the Government has been kind enough to permit a debate on this subject shows with sufficient clearness what an important issue we are tackling. We style ourselves, Sir, as the representatives of the people. We call ourselves a responsible Government. Who are these people ? 95 per cent of these people are the masses who have neither sufficient food nor clothing nor shelter. If we are to justify what we say, if we are to justify what we proclaim loudly from housetops that we are standing for the rights of the people, we have to be on the side of the poor. Sir, I want to point out that we can no longer afford to hold their scales even between the rich and the poor. We cannot afford to hold our scales even between those who expropriate and those who were expropriated. I plead that this responsible Government must put itself down on the side of the poor labour and that it must work effectively and sufficiently strongly and give timely aid to the poor. It has been argued here, time and again, that there is a communistic bogey. Yesterday also this was raised. I beg to point out that we cannot trace this bogey as long as we do not provide people with food, shelter and clothing. The best weapon to fight labour trouble is not the lathi and the machine gun but it is rice, clothing and shelter. (Hear, hear) Thank you, Sir. If you can give that we shall have solved the problem. Nevertheless, Sir, I am fully aware of the great difficulties that we have to face. I am fully aware of the economic crisis facing the country. It is still argued that when labour makes a claim for its rights, it should be put down with greater force. That I think, Sir, will not solve the problem. Let me raise my voice in solemn warning to this Government that as far as labour problem is concerned, Government is sitting on the top of a volcano. The heart of this volcano is throbing with the poor. The labour problem in this country is not so simple or easy of solution as the student problem. I plead Sir, that—

MR. JOSEPH MALIECKAL : How long is this volcano fuming?

MR. N. DANIEL JOSE : For a very long time. But the time may come when the volcano may explode. What I am saying is volcanoes may fume for a long time. But at a particular moment in their history, the volcanoes may explode. The storm might be let loose and the people who try to defend what they could not share with their brethren will have to give up their life even. I am one of those people who believe that there should be political liberty, I am one of those who believe that there should be economic democracy also. If we are to justify what we have said in the manifesto that we placed before the people, we have to use not force, no police force against labour but we have to give them food, clothing and shelter. If we can provide work and enough sustenance for labour, we shall have solved this problem. Thus my appeal to you Sir, is that it is not force that is the need of the hour, but shelter, food, clothing and work for the people.

LIBRARY ARCHIVES Kerala Legislative Assembly

MR. ABDUL MAJEED : സർ, ഈ സഭയുടെ ആലോചനയുടെ വിഷയമായിരിക്കുന്ന ഈ പ്രശ്നത്തെപ്പറ്റി ചിലതുപറയുവാൻ കിട്ടിയ ഈ സന്ദർഭം ഞാൻ വളരെ വിലയുള്ളതായി കരുതുന്നു. മി. ഈപ്പൻ അറയ്ക്കൽ പറയുകയുണ്ടായി ഇന്നു രാജ്യത്തെ അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നം കമ്മ്യൂണിസ്റ്റുകാരും വിദ്യാർത്ഥികളുമുണ്ടാക്കുന്ന കുഴപ്പങ്ങളാണെന്ന്. കമ്മ്യൂണിസ്റ്റുകാർക്കു കുഴപ്പം ഉണ്ടാക്കാൻ ഈ രാജ്യത്തെ പരിതഃസ്ഥിതികൾ ഏതുനിലയിൽ അനുകൂലമായിത്തീരുന്നു വെന്ന് നാം പരിശോധിക്കേണ്ടതാണ്. ഇന്നത്തെ വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങളെ നൂറുശതമാനം പിന്താങ്ങുന്നയാളല്ല ഞാൻ. എങ്കിലും വിദ്യാർത്ഥികളുടെ ന്യായമായ അവകാശങ്ങളെ ചോദ്യം ചെയ്യുന്ന നിയമങ്ങൾ അവരുടെ മുമ്പിൽ നിൽക്കുമ്പോൾ അതിനെ എതിർക്കാൻ അവരുടെ യുവത്വം അവരെ പ്രേരിപ്പിക്കുകയാണെങ്കിൽ അതിനു അധികം കണ്ടിതപ്പെടേണ്ടയാവശ്യമില്ല. ഇന്ന് അമ്പലപ്പുഴയിലും ചേർത്തലയിലും നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെല്ലാം വെറും കമ്മ്യൂണിസ്റ്റു പ്രവർത്തനങ്ങളാണെന്ന് വിചാരിക്കുന്ന ഒരാളല്ല ഞാൻ. അമ്പലപ്പുഴയും ചേർത്തലയും മാത്രം ഇത്രകൂടുതൽ കമ്മ്യൂണിസ്റ്റു പ്രവർത്തനം നടക്കുന്നതിന്റെ കാരണം എന്താണെന്ന് നാം ചിന്തിക്കാതിരിക്കുന്നതു ശരിയല്ല. ഇന്നു നിലവിലിരിക്കുന്ന ഗവണ്മെൻറ് അതിലേക്ക് ഒരു പരിഹാരമുണ്ടാക്കാൻ മുൻകൈ എടുത്തു പ്രവർത്തിക്കാതിരിക്കുന്നതാണ് അതിനുകാരണമെന്നു ഞാൻ വിശ്വസിക്കുന്നു. സ്റ്റേറ്റുകോൺഗ്രസ് ഏലക്ഷൻകാലത്തു രാജ്യത്തിന്റെ മുമ്പിൽ വച്ച പ്രകടനപത്രികയിലെ കാര്യങ്ങൾ നടപ്പാക്കാനെങ്കിലും ഇതിനകം കിട്ടിയസമയം ഗവണ്മെൻറ് പരിപൂർണ്ണമായി പ്രയോജനപ്പെടുത്തിയിരുന്നുവെങ്കിൽ ഇതിനെല്ലാം ഒരു അളവിൽ പരിഹാരമുണ്ടാക്കാൻ കഴിയുമായിരുന്നു വെന്നാണ് എന്റെ വിശ്വാസം. ഇന്ന് അമ്പലപ്പുഴയും ചേർത്തലയും മുഴുവനും അപൂർവ്വം ചിലയാളുകളുടെ കൈയിലിരിക്കുകയാണ്. അവിടത്തെ ഭൂമിയുടെ സ്വഭാവത്തെപ്പറ്റി പറയുകയാണെങ്കിൽ ഭൂരിഭാഗവും ചിലയാളുകളുടെ പാട്ടഭൂമിയായിട്ടിരിക്കുകയാണു. തിരുവിതാകൂറിൽ പല ഭൂഭാഗത്തുമുള്ള ബേസിക് ടാക്സിന്റെ നൂറിരട്ടി കരം കൊടുക്കുന്ന ഭൂമി അവിടെയുണ്ട്. കിടക്കാൻ സ്ഥലമില്ലാത്തവന് കിടപ്പാടം ഉണ്ടാൻ നിവൃത്തിയില്ലാത്തവന് ആഹാരവും ഉടുക്കാൻ വസ്ത്രമില്ലാത്തവന് വസ്ത്രവും ഉണ്ടാക്കികൊടുക്കുന്നതിനുപകരം പോലീസിന്റെയും പട്ടാളത്തിന്റെയും തോക്ക് ചൂണ്ടി അവരെ അടക്കാമെന്ന് ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അവരെ വെറും മൂഢസ്വർഗ്ഗത്തിൽ വിഹരിക്കുന്നവരാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്ന് പറയാതിരിക്കാൻ നിർവാഹമില്ല. കമ്മ്യൂണിസ്റ്റുകാരെ അടക്കേണ്ടതു് പട്ടാളക്കാരെക്കൊണ്ടല്ലെന്നും സാമ്പത്തികവ്യവസ്ഥയിൽ കാര്യമായവിപ്ലവകരമായ പരിവർത്തനം വരുത്തീട്ടുവേണമെന്നുംപണ്ഡിറ്റുനെഹരു ഇംഗ്ലണ്ടിൽവച്ചു് പ്രസ്താവിക്കുകയുണ്ടായി. ഇന്നത്തെ ലാൻറു് പാളിസിയിൽ വിപ്ലവകരമായ ഒരു മാറ്റം ഇന്നത്തെ ഗവണ്മെൻറിന് വരുത്താൻ കഴിയുന്നില്ലെങ്കിൽ ചേത്തലയിലെയും അമ്പലപ്പുഴയിലെയും കമ്മ്യൂണിസ്റ്റുകാരുടെ പ്രക്ഷോഭണത്തിൽ പതിക്കാൻ അധികം അമാന്തമുണ്ടാകുമെന്നുള്ളതിൽ എനിക്കു സംശയമില്ല. ചിറയിൻകീഴ് താലൂക്കിലെ സംഗതികളെ സംബന്ധിച്ചിടത്തോളം ദീർഘമായി എന്തെങ്കിലും പ്രതിപാദിക്കാൻ ഞാൻ വിചാരിക്കുന്നില്ല. അവിടെയും ഈ മാതിരി പ്രക്ഷോഭണത്തിനുള്ള സാദ്ധ്യതകൾ ഉണ്ടെന്ന് ഒന്നുരണ്ടു തവണ ഞാൻ ഗവണ്മെൻറിൻെറ മുമ്പിൽ കൊണ്ടുവന്നിട്ടുണ്ടു്. കമ്മ്യൂണിസ്റ്റുകാരുടെ അയാലും വിദ്യാർത്ഥികളുടെ അയാലും സർവപ്രധാനമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ട വിപ്ലവകരമായ ചില കാര്യങ്ങൾ ഗവണ്മെൻറു് ചെയ്യേണ്ടതുണ്ടു്. അല്ലാതെ മി. ഈപ്പൻ അറയ്ക്കൽ പറഞ്ഞതുപോലെ നിയമസമാധാനങ്ങൾ കുഴഞ്ഞുപോകുന്നു; അതുകൊണ്ടു് പോലീസുകാരെ കാര്യങ്ങൾ ശരിയാക്കിത്തീർക്കാൻ അനുവദിക്കുകയല്ല വേണ്ടതു്.

MR. EAPEN ARAKKAL : ഞാൻ അങ്ങനെ പറഞ്ഞില്ല.

MR. ABDUL MAJEED : ഞാൻ മനസ്സിലാക്കിയതു് പറയുകയായിരുന്നു. അതുകൊണ്ടു് ഇന്നു് നിലവിലിരിക്കുന്ന സാമ്പത്തികവ്യവസ്ഥിതി മാറ്റുവാൻ വിപ്ലവകരമായ ഒരു പരിപാടി ഗവണ്മെൻറു് സ്വീകരിച്ചു് പ്രവർത്തിക്കണം. അങ്ങനെ ചെയ്യുകിലല്ലാതെ അമ്പലപ്പുഴയും ചേത്തലയും ഉണ്ടായികൊണ്ടിരിക്കുന്നതും ചിറയിൻകീഴ്താലൂക്കിലും മറ്റുപലസ്ഥലങ്ങളിലും ഉണ്ടാകാൻപോകുന്നതുമായ കുഴപ്പങ്ങൾക്കു് പരിഹാരമുണ്ടാകാൻ പോകുന്നില്ല. മി. ജോസ് പറഞ്ഞതുപോലെ പൊട്ടിത്തെറിക്കാൻ പോകുന്ന ഒരു അഗ്നിപർവ്വതത്തിൻെറ മുകളിലാണിരിക്കുന്നതെന്നുള്ള കാര്യം നാം വിസ്മരിക്കാൻ പാടില്ല. അതു പൊട്ടി അതിൻെറ ലാവാപ്രവാഹത്തിൽ നമ്മെയെല്ലാം ഒഴുക്കിക്കളയുമെന്നും നാം ഓർക്കണം. അതിനൊരു പരിഹാരമുണ്ടാക്കുവാൻ ഗവണ്മെൻറു് മുൻകൈ എടുക്കണമെന്ന് ഗവണ്മെൻറിനോടു് അപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. ALEXANDER VAKAYIL: മി. പി. എസ്സ്. മുഹമ്മദ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന അടിയന്തിര പ്രമേയത്തെ സംബന്ധിച്ചു രണ്ടുവാക്കു പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇന്ന് ഭാരത ത്തിൽ എവിടെ നോക്കിയാലും ഗവണ്മെൻറിനേയും ജനസമുദായ ത്തേയും അലട്ടികൊണ്ടിരിക്കുന്ന രണ്ടു പ്രധാനപ്രശ്നം തൊഴിലാളിപ്ര ശ്നവും വിദ്യാർത്ഥിപ്രശ്നവുമാണ്. രണ്ടാമത്തെ പ്രശ്നത്തെ പരാ മർശിച്ച് ഇന്നലെ ഇവിടെ വളരെ ഗംഭീരമായ പ്രസംഗങ്ങൾ നടക്കു കയുണ്ടായി. ഇനിയുള്ളത് തൊഴിലാളിപ്രശ്നമാണ്. മി: മഹമ്മദും മറ്റും ആലപ്പുഴനടന്ന തൊഴിലാളിമുതലാളിസംഘട്ടനം ഇവിടെ പ്രതിപാ ദിച്ചു. ഞാനും അതു കേൾക്കുകയുണ്ടായി. എന്നാൽ തൊഴിലാളികൾ മാത്ര മല്ല ഇതിന് കാരണക്കാർ എന്നും ഫാക്ടറി ഉടമസ്ഥന്മാർ തൊഴിലാ ളികളെ വളരെ വിഷമിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നും പറയുന്നു. ഒരു ബോണസ് പ്രശ്നം ഉണ്ടായിരുന്നു. ആ ബോണസ് നിശ്ചയിച്ച പ്രകാരം തൊഴിലാളിക്ക് കൊടുത്തിട്ടില്ല. അതിൽ വച്ച് ഒരു ഫാക്ടറി ഉടമസ്ഥൻ ഒരു സ്ത്രീതൊഴിലാളിയെത്തന്നെ ഉപദ്രവിച്ചു എന്നും അതി നെ തുടർന്നാണ് സ്ത്രീതൊഴിലാളികളും മറ്റുതൊഴിലാളികളുംകൂടി ഫാക്ടറിമാനേജരെ തല്ലിയതെന്നും കേട്ടു. ഇങ്ങനെ രണ്ടു ഭാഗത്തും വീഴ്ചകൾ ഉണ്ടെന്നാണ് അറിയുന്നത്. രണ്ടു ഭാഗത്തും കുഴപ്പങ്ങൾ ഉണ്ടായി. ഏതായാലും തിരുവിതാംകൂറിൽ ചേർത്തലയും അമ്പലപ്പുഴയും അത്രേ തൊഴിലാളികളുടെ പ്രക്ഷോഭണങ്ങളുടെ കേന്ദ്രസ്ഥാനങ്ങൾ. വളരെ ചരിത്രപ്രസിദ്ധമായ രണ്ടു താലൂക്കുകളാണ് ചേർത്തലയും അമ്പല പ്പുഴയും. അവിടെ തൊഴിലാളി പ്രക്ഷോഭണം സുഗമമായി നടക്കു ന്നുണ്ട്. ഈ തൊഴിലാളി പ്രക്ഷോഭണങ്ങളെ നിയന്ത്രിക്കുന്നതു കമ്മ്യൂണി സ്റ്റുകാർ ആണെന്നുള്ളതിന് യാതൊരു സംശയവുമില്ല എന്ന് എനിക്കു പറയാൻ കഴിയും. ഈ സാധാരണ തൊഴിലാളികൾ കമ്മ്യൂണിസ്റ്റു സിദ്ധാന്തങ്ങൾ ഒന്നും മനസ്സിലാക്കിയിട്ടില്ല അവർ ഈ ബഹളം കൂട്ടുന്നതു്. അവരുടെ പ്രക്ഷോഭണത്തിന്റെ കാരണം പട്ടിണി മാത്രമാണ്. ഇന്ന് തിരുവിതാംകൂറിലുള്ള ലക്ഷോപലക്ഷം തൊഴിലാളികൾ പട്ടിണികിടന്നു മരിക്കുന്നുണ്ട്. ഈ പട്ടിണിയുടെ ഫലമായിട്ടാണ് ഇന്നു കാണുന്ന അസ്വസ്ഥതകളെല്ലാം ഉണ്ടാകുന്നതു്. അതുകൊണ്ട് നമുക്കു സമാധാ നവും സംതൃപ്തിയും കൈവരുത്തണമെന്ന് ഗവർണ്മെൻറ് ആഗ്രഹി ക്കുന്നുണ്ടെങ്കിൽ പാവപ്പെട്ട തൊഴിലില്ലാത്ത ജനങ്ങൾക്ക് തൊഴിൽ കൊടുക്കുകയും ന്യായമായ കൂലികൊടുക്കുകയും, തൊഴിൽ ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കാത്ത പാവപ്പെട്ടവർക്ക് ആഗതിമന്ദിരങ്ങൾ സ്ഥാപിച്ച് സങ്കേതം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യണം. ഇന്നത്തെ മന്ത്രിസഭയുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിഞ്ഞിട്ടുണ്ടെന്നു കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ചേർത്തല അമ്പലപ്പുഴ താലൂക്കുകളിലെ കൃഷി വികസിപ്പിക്കുന്നതിനും, കയർ വ്യവസായം ശരിപ്പെടുത്തുന്നതിനും ഒട്ടധികം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ആ പദ്ധതി ശരിക്കു നടപ്പാക്കുകയാണെങ്കിൽ അരായിരം ഏഴായിരം ആളുകൾക്ക് ജോലി ചെയ്യാൻ സാധിക്കുമെന്നറിയുന്നു. ആ പദ്ധതി ശരിക്കു പ്രവൃത്തിക്കയാണെങ്കിൽ ഈ രണ്ടു താലൂക്കുകളിലും ശാന്തമായ അന്തരീക്ഷം സൃഷ്ടിക്കാൻ കഴിയും. തൊഴിലാളിവഴക്കുകൾക്കെല്ലാം കാരണം തൊഴിലില്ലായ്മയാണ്. അതിനെ പരിഹരിക്കുന്നതിനാണ് ഈസഭയിൽ ചില ബില്ലുകൾ അവതരിപ്പിച്ചിട്ടുള്ളതു്. മിനിമം വേതനം ബിൽ പാസ്സായിക്കഴിഞ്ഞു, ഇനിയും പല തൊഴിലാളിബില്ലുകളും പാസ്സാക്കാൻ പോകുന്നുണ്ട്, ആ നിയമങ്ങളെല്ലാം പ്രവൃത്തിപഥത്തിൽ വരികയാണെങ്കിൽ തൊഴിലാളിയും മുതലാളിയും തമ്മിൽ സൗഹാർദ്ദമായി കഴിയുന്നതിന് ഉപകരിക്കും. ഭാരതം ഒരു കർഷകരാജ്യമാണ്. എങ്കിലും ഇന്നു കാണുന്ന പട്ടിണിയും ദാരിദ്ര്യവും പമ്പകടക്കണമെങ്കിൽ വ്യവസായങ്ങൾ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. അതിനുള്ള സാധ്യതകൾ ധാരാളമുണ്ട്. ആ സാധ്യതകൾ ഉപയോഗിച്ച് നമ്മുടെ നാട്ടിൽ എല്ലാ സ്ഥലങ്ങളിലും വിവിധവ്യവസായങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഗവർമെൻറിന്റെ ശ്രദ്ധ പതിയേണ്ടതു് ഏറ്റവും ആത്യാവശ്യമായ ഒരു കാര്യമാണ്. ധനവാന്മാരായ പൊതുജനങ്ങളുടേയും ധനസ്ഥിതിയുള്ള സ്ഥാപനങ്ങളുടേയും ശ്രദ്ധ ഇതിൽ പതിയേണ്ടതാണ്. ഇങ്ങനെ എല്ലാവരും കൂടി ഒത്തൊരുമിച്ചു പ്രവർത്തിക്കുകയാണെങ്കിൽ തിരുവിതാംകൂർ അഭിവൃദ്ധിപ്പെടുമെന്നുള്ളതിന് സംശയമില്ല. അവസാനമായി എനിക്കു പറയാനുള്ളതു് കമ്മ്യൂണിസം നശിക്കണമെങ്കിൽ, നാട്ടിൽ സമാധാനം ഉണ്ടാകണമെങ്കിൽ, വേല ചെയ്യാൻ കഴിവില്ലാത്ത അനാഥരായ ആളുകൾക്ക് വേണ്ട സങ്കേതങ്ങൾ ഉണ്ടാക്കിക്കൊടുക്കണം. കൊച്ചി സംസ്ഥാനത്തു പല താലൂക്കുകളിലും പൂവർഹൗസ് സ്ഥാപിച്ചിട്ടുണ്ട്. അവിടെ വേല ചെയ്യാൻ കഴിവില്ലാത്ത സാധുക്കൾക്കു ക്ഷേണവും വസ്ത്രവുമെല്ലാം കൊടുത്തു് ആ പൂവർഹൗസ് ശരണം നൽകുന്നുണ്ട്. അപ്രകാരം തിരുവിതാംകൂറിലുള്ള എല്ലാ താലൂക്കുകളിലും പൂവർഹൗസ് സ്ഥാപിക്കേണ്ടതാണ്. അങ്ങിനെയാണെങ്കിൽ നാട്ടിൽ സമാധാനവും സംതൃപ്തിയും ഉണ്ടാകുമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ അടിയന്തിര പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. MOHAMMED MUSTAFA : സർ, ആലപ്പുഴയിലെ ഇന്നത്തെ പരിതസ്ഥിതികളെ സംബന്ധിച്ച് ഗവണ്മെൻറ് ഇതിനകംതന്നെ പരിപൂർണ്ണമായി അന്വേഷണം നടത്തിയിരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. തൊഴിലാളിപ്രശ്നം ഇന്ന് ആദ്യമായി ആലപ്പുഴപട്ടണത്തിൽ ഉണ്ടായിട്ടുള്ള ഒന്നല്ല. എന്നാൽ ഇന്ന ഒരു പുതിയ രീതിയിലാണ തൊഴിലാളി പ്രശ്നം നമ്മെ അഭിമുഖീകരിച്ചിരിക്കുന്നത്. വ്യവസായങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഫാക്ടറി ഉടമസ്ഥന്മാരെ തൊഴിലാളികൾ വളരെ പരസ്യമായി കയ്യേറ്റം ചെയ്യുക എന്നുള്ള ഒരു പുതിയ സംഭവവികാസമാണ് തൊഴിലാളിക്കുഴപ്പങ്ങളെ സംബന്ധിച്ചിടത്തോളം ഇന്ന പുതുതായി ഉണ്ടായിട്ടുള്ളത്. അതു ശരിയാണെന്നോ സ്വാധുകരിക്കത്തക്കതാണെന്നോ യാതൊരു തത്വത്തിൻെറയും ആദർശത്തിൻെറയും പേരിൽ ആരെങ്കിലും പറയുമെന്ന് ഞാൻ വിചാരിക്കുന്നില്ല. പൊളിറ്റിക്കൽ ലിബർട്ടിയുടെ പേരിലോ അല്ലെങ്കിൽ മറേറതെങ്കിലും പദത്തിൻെറ പേരിലോ ഇത്തരം പ്രവർത്തനങ്ങൾ സാധുകരിക്കത്തക്കതല്ലെന്നതന്നെയാണ് ഞാൻ പറയുന്നത്. തൊഴിലാളിപ്രശ്നങ്ങളെ ശരിയായി നേരിടേണ്ടതാണ്. ഒരു ഗവണ്മെൻറിനും അതിൽ നിന്നും ഒഴിഞ്ഞുമാറാൻ സാധ്യമല്ല. അതിന് നമ്മുടെ ഗവണ്മെൻറും വളരെ വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിൽകൂടി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നുള്ള പരമാർത്ഥം ഈ സഭ ഒരിക്കലും വിസ്മരിക്കുമെന്ന് എനിക്ക പറയാൻ സാധ്യമല്ല. നമ്മുടെ മുമ്പിൽ ഇരിക്കുന്ന ബില്ലുകളെല്ലാം തൊഴിലാളികൾക്ക് ആശ്വാസം നൽകാൻ ഉള്ളതാണ്. എന്നാൽ യാതൊരു ഗവണ്മെൻറിനും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിന് സാധ്യമല്ലെന്നുള്ള പരമാർത്ഥവും നാം മറക്കേണ്ടതാണ്. എന്തെങ്കിലും ആദർശത്തിൻേറയൊ മറെറ സിദ്ധാന്തത്തിൻേറയൊ പേരിൽ ആരെങ്കിലും കുഴപ്പം ഉണ്ടാക്കാൻ ശ്രമിച്ചാൽ അതിനെ ഏറെറവും ശക്തിയായി നേരിടുകയാണ് വേണ്ടതെന്നാണ് എനിക്ക പറയുവാനുള്ളത്. ഏതൊരു ആദർശത്തിൻെറ പേരിലായാലും രാജ്യത്തെ ക്രമപരമായ പ്രവർത്തനങ്ങളെ ധ്വംസിക്കത്തക്കനിലയിൽ ഏതെങ്കിലും കക്ഷിയോ ജനവിഭാഗമോ പ്രവർത്തിച്ചാൽ അതിനെ അമർച്ച ചെയ്യുകതന്നെ വേണം.

MR. N. DANIEL JOSE : Does it mean that you are justifying the attitude of the former Goverment, that is, the Government which was in existence before the popular Government which used all sorts of methods to put down the fight for responsible Government?

LIBRARY ARCHIVES Kerala Legislative Assembly

MR. MOHAMMED MUSTAFA : അതു് ഈ അവസരത്തിൽ പറയാനുള്ള കാര്യമല്ല. കഴിഞ്ഞ ഗവണ്മെൻറിനേക്കാൾ ഇന്നത്തെ ഗവണ്മെൻറ് തൊഴിലാളി പ്രവർത്തനത്തെ നേരിടുന്നതിനു് വളരെ ആത്മാർത്ഥമായി പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നു എന്നുള്ളതു് പരമാർത്ഥമാണു്. ഈ രാജ്യത്തെ ഉൽപ്പന്നങ്ങൾ വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികളുടെ അവശതകൾ പരിഹരിക്കുന്നതിനും ഗവണ്മെൻറ് പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഏതെങ്കിലും സംഭ്രമജനകമായ ഒരു സ്ഥിതി സംജാതമാക്കി നാട്ടിൽ ഒരു സ്തംഭനാവസ്ഥ സൃഷ്ടിക്കുന്നതിനായി ആലപ്പുഴയും ചേർത്തലയും ഉള്ള തൊഴിലാളികൾ ശ്രമിക്കുകയാണെങ്കിൽ ഗവണ്മെൻറ് അതു് നേരിടുന്നതിനു് കഴിവുള്ളതു പ്രവർത്തിക്കാതെയിരിക്കുന്നതു് എന്നാണു് എനിക്കു പറയുവാനുള്ളതു്. ഇവിടത്തെ നിയമവും സമാധാനവും പാലിക്കേണ്ടതു് ഗവണ്മെൻറിൻെറ ചുമതലയാണു്. ഒരു യൂറോപ്യൻ കമ്പനിയിൽ സ്ത്രീ തൊഴിലാളികൾ അവിടത്തെ മാനേജരെ കൈയ്യേറ്റം ചെയ്തതായി കടലാസുകളിൽ കണ്ടു. അതുപോലെ അനേകം സംഭവങ്ങൾ ആലപ്പുഴ നടക്കുന്നുണ്ടു്. തൊഴിലാളികൾ അവരുടെ അവശതകൾ പരിഹരിക്കുന്നതിനു് ഈ വിധ നടപടികൾ സ്വീകരിക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവും ഇല്ല. അവരുടെ അവശതകൾ പരിഹരിക്കുകതന്നെ വേണം. എന്നാൽ അക്രമം പ്രവർത്തിക്കുന്നതുകൊണ്ടു് അവരുടെ അവശതാപരിഹാരം ഉണ്ടാകുന്നതല്ല. ചേർത്തലയും ആലപ്പുഴയും ഉള്ള തൊഴിലില്ലായ്മക്കും, അവരുടെ അവശതാപരിഹാരത്തിനുമായി ഗവണ്മെൻറും നിയമസഭയും വളരെ ത്വരിതമായി പ്രവർത്തിച്ചുകൊണ്ടുതന്നെയാണിരിക്കുന്നതു്. എന്നാൽ ഇതോടൊപ്പംതന്നെ തൊഴിലാളികൾ അക്രമങ്ങൾ പ്രവർത്തിക്കുകയും നാട്ടിൽ അസമാധാനവും സ്തംഭനാവസ്ഥയും ഉണ്ടാക്കാൻ ശ്രമിക്കയും ആണെങ്കിൽ ഗവണ്മെൻറു് അതിനെ സർവശക്തികളും ഉപയോഗിച്ചു തടയണം എന്നാണു് എനിക്കു പറയുവാനുള്ളതു്, പൊളിറ്റിക്കൽ ലിബർട്ടിയുടെ പേരിലും അക്രമം അനുവദിക്കരുതു്. ഇവിടെ പല വിദേശകമ്പനികളും പ്രവർത്തനം നടത്തുന്നുണ്ടു്. അവരുടെ പ്രവർത്തനത്തേയും ജീവനേയും സുരക്ഷിതമാക്കേണ്ട ചുമതല ഈ ഗവണ്മെൻറിനുള്ളതാണു്. അതുകൊണ്ടു് ഈ രാജ്യത്തു് സംജാതമാകുന്ന അസമാധാനത്തേയും സ്തംഭനാവസ്ഥയേയും നേരിടുന്നതിനു ഗവണ്മെൻറു് ന്യായമായും വളരെ ധീരമായും ഇടപെട്ടു് നാട്ടിൽ സമാധാനം ഉണ്ടാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ വിരമിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. K. RAMAKRISHNA PILLAI : മി. പി. എസ്. മഹമ്മദ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു. എന്നാൽ ആ പ്രമേയത്തിന്റെ എല്ലാ ഭാഗങ്ങളോടും ഞാൻ യോജിക്കുന്നില്ല. ആ പ്രമേയത്തിന്റെ അവസാന ഭാഗത്തു് ആലപ്പുഴയിലെ സ്ഥിതിഗതികളെപ്പറ്റി പറയുമ്പോൾ out of the recent occurrence created by the serious labour troubles followed by the use of brutal force and police interference എന്നാണു് പറഞ്ഞിരിക്കുന്നതു്. ഇന്നു് അവിടെയുള്ള പ്രത്യേക പുറപാടുകൾക്കെല്ലാം കാരണമായിരിക്കുന്നതു് പോലീസുകാരുടെ ഇടപെടലാണെന്നാണു പ്രമേയത്തിൽ പറഞ്ഞിരിക്കുന്നതു്.

MR PONNARA G. SREEDHAR : 'പോലീസുകാരുടെ' എന്നു് പറഞ്ഞിട്ടില്ല.

MR. K. RAMAKRISHNA PILLAI : എങ്കിലും ആ അർത്ഥമാണു് അതു വായിക്കുമ്പോൾ തോന്നുന്നതു്. ആ നിലയിലല്ല ഞാൻ ആ പ്രശ്നത്തെ വീക്ഷിക്കുന്നതു്. എന്റെ ചില സ്നേഹിതന്മാർ പറഞ്ഞതുപോലെ ആലപ്പുഴയിലും ചേർത്തലയിലുമുള്ള തൊഴിലാളികളുടെ ഇടയിലുള്ള അസ്വസ്ഥത ആലപ്പുഴതൊഴിലാളികളെ മാത്രം ബാധിക്കുന്നതല്ലാ. അതു സംഘടിതരായ തിരുവിതാംകൂറിലെ തൊഴിലാളികളുടെയും, സംഘടിതരായ ഇൻഡ്യയിലെ തൊഴിലാളികളുടെയും അസ്വസ്ഥതയുടെ പശ്ചാത്തലത്തിൽ കൂടി വേണം നോക്കേണ്ടതു്. അല്ലാതെ വെറും ഭാഗികമായ ഒരു സ്ഥാനത്തു നിന്നല്ല വീക്ഷിക്കേണ്ടതു്. ഒരു പുതിയ വ്യവസ്ഥിതി, വേണമെന്നുള്ള ആശയോടുകൂടി, ഒരു ദശവർഷക്കാലത്തെ പരിശ്രമത്തിന്റെ ഫലമായി ഇവിടെ ഒരു പുതിയ ഗവണ്മെന്റു് ഉണ്ടാക്കി പ്രവർത്തനം നടത്തിവരുകയാണു്. എന്നാൽ എല്ലാവരുടെയും പ്രതീക്ഷയ്ക്കൊത്തവണ്ണം ഈ ഗവണ്മെന്റു് ചെയ്യേണ്ട കാര്യങ്ങളൊക്കെയും ചെയ്തിട്ടുണ്ടു് പറയാൻ നിവൃത്തിയില്ല. ഇങ്ങനെയുള്ള ഒരു സന്ദർഭത്തെ മുഷണം ചെയ്തുകൊണ്ടു് സംഘടിതരായ തൊഴിലാളിഭാഗത്തിൽപ്പെട്ട ഒരു വിഭാഗം ആളുകൾ അവർ ഉദ്ദേശിക്കുന്ന മാർഗ്ഗങ്ങളിൽക്കൂടി അവർ ഉദ്ദേശിക്കുന്ന ലക്ഷ്യത്തിൽ എത്തിച്ചേരുവാൻ ശ്രമിക്കുകയാണു്. ഒരു പ്രത്യേക രാഷ്ട്രീയകക്ഷി രൂപീകരിച്ചു ഇവിടത്തെ സംഘടിത തൊഴിലാളികളെക്കൂടി അവർ ഈ ലക്ഷ്യപ്രാപ്തിക്കായി വേണ്ടപോലെ ഉപയോഗിച്ചുവരുന്നു എന്നു് നാം ഓർമ്മിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ജനകീയഭരണം കൈവന്നതിനുശേഷം തൊഴിലാളി വിഭാഗത്തിനു വേണ്ടി തന്നെ കാര്യമായ ചില സംഗതികൾ നടത്തണമെന്ന് വിചാരിക്കുന്നുണ്ട്. ഒരു മാസത്തിനു മുമ്പു ഇപ്പോഴത്തെ ഗവണ്മെൻറിന്റെ മുമ്പാകെയിൽ അമ്പലപ്പുഴ താലൂക്കിലും ചേർത്തലതാലൂക്കിലും ഉള്ള തൊഴിലില്ലാത്ത ആളുകളുടെ തൊഴിലില്ലായ്മ സംബന്ധിച്ച് അന്വേഷണം നടത്തി അതിനുള്ള പരിഹാരം നിർദ്ദേശിക്കുന്നതിനായി ഒരു കമ്മറിയെ നിയമിച്ചിരുന്നു. ആ കമ്മറി അവർക്ക് കൊടുത്തിരുന്ന കാലാവധിക്കുള്ളിൽ തന്നെ ഒരു താൽക്കാലികറിപ്പോർട്ടുതയാറാക്കി ഗവണ്മെൻറിനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനും പുറമെ ടി താലൂക്കുകളിലെ തൊഴിലില്ലായ്മയ്ക്കു ശാശ്വതമായ പരിഹാരം ഉണ്ടാക്കുവാൻവേണ്ടി ഒരു ദീർഘകാലപദ്ധതി വിഭാവനം ചെയ്തുകൊണ്ടു അധികം കാലതാമസം കൂടാതെ മറെറാരു റിപ്പോർട്ടുകൂടി അവർ ഗവണ്മെൻറിനെ ഏൽപ്പിക്കുന്നതാണ്. അടിയന്തിരമായി ചെയ്യേണ്ട പദ്ധതികളെ ആശ്രയിച്ചും കൊണ്ടു അവർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിനെ ആസ്പദമാക്കി ഇന്നത്തെ ഗവണ്മെൻറ് ഏറെറവും അടിയന്തിരമായി ആ കാര്യങ്ങൾ എല്ലാം ചെയ്യുമെന്നാണ് ബഹുജനങ്ങൾ വിശ്വസിക്കുന്നതു്. എന്നാൽ ഇതുപോലെ ഹ്രസ്വകാലപദ്ധതികൾകൊണ്ടുമാത്രം പരിഹരിക്കപ്പെടാവുന്ന ഒരു പ്രശ്നമല്ല ഇതു്. ദീർഘകാലപദ്ധതികൾകൂടി ഇതിനാവശ്യമാണ്. അതിനു വേണ്ട സാവകാശം നമുക്കാവശ്യമായിരിക്കുന്നു. സംഘടിതരും അസംഘടിതരും ആയ തൊഴിലാളികൾക്കു വേലകൊടുക്കുന്ന ഈ പദ്ധതികൾ ഏറെറവും സമാധാനമായ അന്തരീക്ഷത്തിൽ മുന്നോട്ടുകൊണ്ടുപോകുവാൻ കഴിയുമെങ്കിൽ ഇന്നത്തെ ഗവണ്മെൻറിനു ചെയ്യാവുന്നതിൽ അത്യന്തം കാര്യം ചെയ്തു എന്നഭിമാനിക്കാവുന്നതാണ്. ഇതിനു മുൻപു് ഈ താലൂക്കുകളിൽ ഒരിതനിവാരണപ്രവർത്തനങ്ങൾ നടത്തിവന്നിരുന്നു. എന്നാൽ അവ അവശേഷിപ്പിച്ചിട്ടുള്ള ചില സാഹചര്യങ്ങൾ ഏറെറവും ഖേദനയോടുകൂടി ഇപ്പോഴും ഓർമ്മിച്ചുപോരുന്നുണ്ട്. ഇപ്പോഴത്തെ ദുരിതാശ്വാസപ്രവർത്തനങ്ങൾക്കുവേണ്ടി ഈ രണ്ടു താലൂക്കുകളിലും കൂടി മുങ്ങിയപക്ഷം 5 0 ലക്ഷംരൂപയെങ്കിലും ചെലവാക്കേണ്ടിവരുമെന്നാണു കണക്കാക്കേണ്ടിയിരിക്കുന്നതു്. ഇങ്ങനെ ഈ രാജ്യത്തിന്റെ മുതലെടുപ്പിന്റെ ഗണ്യമായഭാഗം അവിടെ ചെലവാക്കുവാൻ ഉദ്ദേശിക്കുമ്പോൾ അതു ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനു യാതൊരു തടസ്സവും ഉണ്ടാക്കാതിരിക്കേണ്ടതും പ്രസ്തുത സംരംഭങ്ങളെ കഴിവുള്ളതു സഹായിക്കേണ്ടതും ബഹുജനങ്ങളുടെ മുമ്പാകെയാണ്. ഇന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Ramakrishna Pillai.]

അതിനു ഒരു പരിപാടിയുണ്ട്. പ്രത്യേകം ഒരു കർമ്മപരിപാടി സ്വീകരിച്ചുംകൊണ്ടു ഒരു പുതിയ വ്യവസ്ഥിതി ആശിക്കുന്ന തല്പരകക്ഷികളും ഈ പരിപാടികളെ തടസ്സംചെയ്യുമെന്നു വിശ്വസിക്കുന്നവരുണ്ടു. ഈ തടസ്സത്തെ വകവയ്ക്കാതെ തന്നെ ഇന്നത്തെ ഗവണ്മെൻറു് അതിൻെറ പൂർണ്ണമായ ഫലം അവിടെയുള്ള ആളുകൾക്കു കൊടുക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഇതോടുകൂടി ഒരു ദീർഘകാലപദ്ധതിയും ഇവിടെ ഉണ്ടാക്കിക്കഴിഞ്ഞാൽ തൊഴിലാളികളുടെ ഇടയിലുള്ള അസ്വസ്ഥതയുടെ പ്രധാന കാരണമെന്നു് സാമാന്യമായി വിശ്വസിക്കുന്ന സാമ്പത്തികമായ അവശതകളെ ഒട്ടൊക്കെ പരിഹരിക്കുവാൻ കഴിയും. ഇതൊക്കെയല്ലാതെ ഇന്നത്തെ ഗവണ്മെൻറിനു് മറെറാന്നും ചെയ്യാൻ സാധിക്കുകയില്ല. ഇതിനും പുറമെ തൊഴിലാളികളുടെ എല്ലാ അവകാശങ്ങളെയും പരിരക്ഷിക്കുന്നതിനും അവക്കു് നിയമപരമായ അധികാരങ്ങൾ നൽകുന്നതിനും നിയമത്തിൻെറ സഹായത്തോടുകൂടി അവരുടെ നിലയേയും ജീവിതത്തേയും സുരക്ഷിതമാക്കുന്നതിനും വേണ്ടിയാണു് നാം ഇന്നിവിടെ ചർച്ചനടത്തിക്കൊണ്ടിരിക്കുന്ന ബില്ലുകൾ ഗവണ്മെൻറു ഭാഗത്തുനിന്നും അവതരിപ്പിച്ചിട്ടുള്ളതു്. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ബില്ലുകൾ എല്ലാം ഒന്നൊന്നായി പാസ്സാക്കുകയും അവയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പരിഹാരങ്ങൾ നടപ്പിൽവരുത്തുന്നതിനാവശ്യമായ മെഷിനറികൾ സ്ഥാപിക്കുകയും ചെയ്യുമ്പോൾ തൊഴിലാളികളുടെ എല്ലാവിധ അവശതകൾക്കും കുറെക്കുറെ ശമനം കാട്ടുന്നതാണു്. ഒരു നിമിഷംകൊണ്ടു ഇതെല്ലാം സാധിക്കുമെന്നു ഞാൻ പറയുന്നില്ല എന്നാൽ വളരെ ആത്മാർത്ഥതയോടും ഉദ്ദേശശുദ്ധിയോടും കൂടിയാണു് ഇക്കാര്യത്തിൽ ഗവണ്മെൻറു പ്രവർത്തിച്ചുപോരുന്നതു എന്നു് എനിക്കു് ധൈര്യമായി പറയാൻ കഴിയും. കാര്യങ്ങൾ സമചിത്തതയോടുകൂടി വീക്ഷിക്കുന്നവക്കു് അതു മനസ്സിലാക്കുവാനും സാധിക്കും. ഇങ്ങനെയുള്ള പ്രാരംഭനടപടികളുടെ ഇടയിലാണു് അസമാധാനപരമായ ഒരന്തരീക്ഷം അടുത്തയിൽ ഉണ്ടായിട്ടുള്ളതു്. അവിടെ വന്നുകൊണ്ടിരിക്കുന്ന ആളുകളുടെയും വ്യാപാരംചെയ്തുകൊണ്ടിരിക്കുന്ന ആളുകളുടെയും ജീവനെ രക്ഷിക്കേണ്ട ചുമതല നമ്മുടെ ഗവണ്മെൻറിനുണ്ടു്. ആ വിഷയത്തിൽ ഏറെറവും ധീരമായ ഒരു നടപടി ഗവണ്മെൻറു കൈക്കൊള്ളുന്നതുകൊണ്ടു് യാതൊരു ദോഷവും വരാനില്ല. ഒരഖിലേന്ത്യാ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ ഇടയിൽ നിലവിലുള്ള സാമ്പത്തികമായ അവശത

LIBRARY ARCHIVES Kerala Legislative Assembly

കർക്കശ പരിഹാരമുണ്ടാക്കിക്കൊടുത്തതല്ലാതെ ഈപ്രശ്നത്തിനു പോംവഴി കണ്ടുപിടിക്കുവാൻ സാദ്ധ്യമല്ല. രാഷ്ട്രീയമായ അധികാരാക്രാടി സമ്പാദിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു കക്ഷിക്കാർക്കുടി ഇതിലുള്ളതുകൊണ്ടാണ് തൊഴിലാളികൾ ഇതുയേറെ ബഹളങ്ങൾ കൂട്ടുന്നതെന്നുള്ള മനോഭാവത്തോടുകൂടി ഈ പ്രശ്നത്തെ അഭിമുഖീകരിക്കുന്നതു് ശരിയായിരിക്കുകയില്ല. രാഷ്ട്രീയക്കുടുകെട്ടിനെ ഒരു ശാസ്ത്രീയമായ അടിസ്ഥാനത്തിൽ നേരിടേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ഗ്രസ്പകാലപദ്ധതികൾ കൊണ്ടു തൊഴിലില്ലായ്മ വലയുന്ന അനേകം ആളുകൾക്കു തൊഴിലുണ്ടാക്കികൊടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കി ആത്മാർത്ഥതയോടും ധീരതയോടും ഗവൺമെന്റ് മുന്നോട്ടുപോകണം. അതേസമയത്തു് ഈ രാജ്യത്തെ എല്ലാവ്യക്തികൾക്കും സൈരമായും സമാധാനത്തോടും കൂടി ജീവിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കികൊടുക്കുകയും വേണം. ഈടിയന്തിരമായ ഇക്കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധപൂർവ്വം പ്രവർത്തിക്കുമെന്ന് വിശ്വസിച്ചുകൊണ്ടു ഞാൻ മി. പി. എസ്. മഹമ്മദിന്റെപ്രമേയത്തെ അനുകൂലിക്കുന്നു.

MR. P. BALAKRISHNAN THAMPI; Sir, I am in sympathy with the motion moved by my hon'ble friend, Moulana P. S. Muhammed. As the first President of the labour organisation, as one who has been President of a labour organisation for over six years, as one who has been President of a labour organisation before the newspapers used to give headline streamers to labour leaders, before the Government thought it worthwhile to give labour any representation, and in those days when I used to be a resident in Alleppey, my hon'ble friend the Moulana came in touch with labour matters. Sir, in a tangled situation like this it is very difficult to allocate blame. The situation does not admit of easy analysis and all parties have to contribute to this impasse. No class or group of people could be said to have been completely innocent.

Things have changed very much since then. But since the basic factors remain the same it is very difficult to blame the situation. It might be an easy analysis. All parties have contributed to this. There are instances of business men working without any consideration for labour. It is Indian businessmen, who have no business morality, who generally do this. I know of very prominent people in public life who have committed such offences. By such methods all the markets of the world are practically closed to Indian coir products. I know of a gentleman by whose efforts the Australian market is practically closed to Indian coir products, I do not want to go into greater detail. I know the employers

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Balakrishnan Thampi]

have been to a very great extent responsible for the unemployment consequent on the lack of demand of the products. I do not want to repress labourers who ask for more. These 2 years, labour in Alleppey and the suburbs have been systematically exploited by leaders who owe allegiance not to anybody in Travancore but to outside agencies. The labourers are free to believe that a new world will be established and that a new social order will come into being by hammer and sickle and all those things connected with them. It is partially true that there is unrest among them. It is psychologically correct to say that hunger is the chief reason for this revolution. Unemployed labourers are the easy victims of the propaganda carried on by them. It was during the period of autocratic Government which had not very much responsibility for its actions. Unfortunately when responsible Ministers assumed the Treasury benches, the responsibility is great. How could they be firm? I am not speaking anything against the Ministry, past-present or future of the State. I am speaking about the popular Ministry all over India. Is it wise to say anything or to take any steps which would alienate the bad feelings of large sections of our public? Governments themselves must be soft towards this problem. Therefore, if only Governments are firm, there will be an easy situation. Government must be very definite about this. They must clearly indicate on what grounds they can save the employees as well as the employers.

Speaking about Governments, their attitude, I had often felt, in every respect, they are not using the advantage, of publicity.

MR. K. S. JOSEPH: May I know how many minutes are allowed to each member?

MR. PRESIDENT: Mr. Thampi will go on.

MR. P. BALAKRISHNAN THAMPI: Government are not using their powers for publicity. These political groups are well entrenched in the public mind. They know how to appeal to the young man. The Government do not seem to have realised the benefits of modern propaganda. Paid lecturers must be employed and booklets published, and the public must be enabled to know the other side of the picture. They must be told about the scenes in Russia and America where everyone out of three labourers go in motor vehicle to his factory or his farm. He is definitely better provided by that country than those that follow the creed promulgated by that economist and thinker, Karl Marx. One of the honourable members here spoke about all those labourers. He called himself 'Lord' or 'Bhagavan' Karl Marx etc,. and he promised to do many things for these poor people. These labourers have not got the intellectual training or the social or economic knowledge. They must be told that the labourers in Russia are not having more comfortable lives than those in other countries under the other

LIBRARY ARCHIVES Kerala Legislative Assembly

scheme of things. There, Government hold the shares. In the other case, capital is distributed throughout the whole nation. But as far as the worker both in America and Russia is concerned, his master is more or less an abstract thing.

Sir, the labourers themselves are the custodians of law and order. There is no point in finding fault with the police. You cannot expect that when there is an explosive situation, you should go to the policemen and ask. Would you mind giving more convenience to the public? or would you do this or that? If you want to work successfully this popular Government, it will have to stand by the police on such occasions. The only question is whether Government employees, especially these police-men work in good faith. If during a lathi charge a policeman gets his head broken, he may perhaps use more force than is necessary in the circumstances. On such occasions if Government do not support the police the Government would fall. On such occasions, it will be very difficult to say what is the correct amount of force necessary. In certain occasions these police will have to use sagacity and experience. I do not exhort the Government to do anything which would inflame the masses because the Government are wise to take into consideration these psychological forces at work. But Government must make it clear that behind the velvet glove there is the mailed fist. People who are out to fight must understand this. With these few words I support the motion so ably moved, and moved in the temperate language by my friend Mr. Muhammed.

MR. G. RAMACHANDRAN: The adjournment motion brought forward by my friend Mr. P. S. Muhammed calls our attention to the most difficult problem facing Government and the people alike. I was happy to hear even such a confirmed cynic like my friend Mr. Balakrishnan Tampi agree with Mr. Muhammed. After all, in dealing with labourers we are dealing with those who will some day be our masters.

MR. P. BALAKRISHNAN THAMPI: May I know whether it is a compliment to be called a cynic?

MR. G. RAMACHANDRAN: I think it is always fair to give and take.

MR. PRESIDENT: Mr. Thampi, is there any objection?

MR. P. BALAKRISHNAN THAMPI: It is a matter of give and take.

MR. G. RAMACHANDRAN: It is quite easy to come forward and say as the previous speaker Mr. Tampi said, that we should hide the mailed fist under a velvet glove. But that is now one of the exploded theories which very few people care even to talk about these days. Regarding the labour question, particularly in Travancore, we have to take a long range view. All over the world the labour question is no longer one of merely giving or taking of wages. We know, for instance, that in England we have a Labour Government. The party which represents Labour is ruling England. Half of Europe is practically under that kind of rule. It is good to remember therefore

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Ramachandran.]

that in dealing with Labour, we are dealing definitely, with the probable future masters of our country.

MR. K. S. JOSEPH: Do you mean the dictatorship of the Proletariat?

MR. G. RAMACHANDRAN: No, not that. I am not thinking of dictatorship. In dealing with labour I say that we are dealing with the future masters of our State. There is no dictatorship in England but only Labour Government. It will ultimately come to that even here. It is he who labours and she who labours will inherit the State. We should not act in favour of policies which will not fit in with the present requirements of the country. The fundamental question is not the question of wages; the question is whether Labour will be entitled to share in the profits of industry. In India also attempts are being made for Labour to share in the responsibility of industry and also in the profits of industry. Today, labour is irresponsible. Today Labour demands more and more. There is somebody to demand from. They are the owners of capital and the owners of industry. The moment labour shares in the responsibility of industry and this in profits also that moment Labour will become "responsible". That brings us to the question of nationalisation of industry. There are some people who dislike the idea. There are other people who like the idea. The ultimate solution lies in a progressive course of nationalisation of industry by which Labour itself becomes responsible to itself and therefore to the country. Then the interminable process of irresponsible agitation will come to an end. There is no doubt certain things have to be done immediately. The present Government and the previous Government have brought forward legislation to help Labour to get a fair deal. They have brought forward and passed a number of progressive Bills for the benefit of labour. My friend Mr. Kesavan brought forward some good legislation. They have now gone to the Select Committees. More bills are coming and I have no doubt that the present Government will deal very justly with Labour. It will go far to conciliate Labour. But often Labour is not concerned with demands for their own economic betterment only. Somebody or other is exploiting Labour for their party political purposes. It can be said that that kind of thing will not be tolerated. If the demands of Labour are such that the present Government can deal with them I have no doubt that they will go all out to meet those demands. But when political parties make labour an instrument the Government find the matter difficult. It is there that the Government will have to exercise its utmost restraint and yet be firm in dealing with disorder and violence. Ultimately long range plans must come in. Something has got to be done. Labour welfare is the most important immediate thing. But we must devise a method here and now for the steady nationalisation of industries. That alone will be facing up to the problem. Then Labour also become responsible

LIBRARY ARCHIVES Kerala Legislative Assembly

for the development of industries. A situation must arise where the present profit making capitalists as well as the labourers must get equal benefits from the growth of industries.

MR. P. BALAKRISHNAN THAMPI: May I ask the Hon'ble member whether the railways that have been nationalised in British India have a right for threats and strikes ?

MR. G. RAMACHANDRAN: You can take our Bus-transport. Government will have responsibility. Then, you can more easily give labour a better deal. Even under Sir C. P. Ramaswami Iyer we agitated for the nationalisation of industries. If there is a truly democratic Government which will nationalise the industries then we shall be marching on towards real peace and growth in industry. We are dealing with a long range plan and let us not be frightened. Let us without delay take the initial step in the direction of nationalisation of industry. We shall then discover what true social progress is. As I understand today, in that direction lies wisdom, and I trust that this Government, which contains some members at least with the most advanced views of such matters will give a lead in the right direction without delay or hesitation.

MR. K. VELAYUDHAN NAIR . സർ, ഇവിടെ ഹാജരാക്കിയിരിക്കുന്ന അടിയന്തിരപ്രമേയം ആലപ്പുഴ തൊഴിലാളി കുഴപ്പത്തെ സംബന്ധിച്ചാണു. ഇതിനെപ്പറ്റി പരിചിന്തിക്കുന്നതായാൽ, ഈ തൊഴിലാളികുഴപ്പങ്ങൾ ആലപ്പുഴ മാത്രമല്ല അതു് ലോകത്തുള്ള തൊഴിലാളികുഴപ്പത്തിന്റെ ഒരു ഭാഗം മാത്രമാണെന്നു് നമുക്കു മനസ്സിലാകും. കമ്മ്യൂണിസ്റ്റും, കെ. എസ്. പി-യും, കാൺഗ്രസും തമ്മിലുള്ള ഒരു രാഷ്ട്രീയ മത്സരമാണു് ഇതു്. ഇതിനു് എന്തെങ്കിലും ഒരു പരിഹാരം ഉണ്ടാകണമെങ്കിൽ അതായതു്, അവരുടെ അവശ്യതകളെ പരിഹരിക്കണമെങ്കിൽ സാമ്പത്തികമായ എന്തെങ്കിലും പോംവഴി കൊണ്ടേ സാധിക്കുകയുള്ളൂ. ആ ഒരു മാർഗ്ഗത്തിൽകൂടി അവരെ പിൻതിരിക്കാൻ നോക്കണം. അതിനു് ആലപ്പുഴ ഒരു തോട്ടു വെട്ടിയതുകൊണ്ടോ ചേർത്തല-അരൂർ റോഡു വെട്ടിയതുകൊണ്ടോ, മതിയാകുകയില്ല. തൊഴിലാളിപ്രശ്നത്തെ എങ്ങനെയാണു് പരിഹരിക്കേണ്ടതെന്നു് എന്റെ സ്നേഹിതൻ മി: രാമചന്ദ്രൻ ഇവിടെ അല്പം ഒന്നു സൂചിപ്പിക്കുകയുണ്ടായി. തുറന്നു പറയുന്നതിനു് എന്തോ വൈഷമ്യം അദ്ദേഹത്തിനുണ്ടെന്നു് തോന്നുന്നു. ഏതായാലും ആ ഒരു സൂചനതികച്ചും സ്വീകാര്യമാണു്. അതായതു്, തൊഴിലാളിയും മുതലാളിയുമെന്നു് രണ്ടു വർഗ്ഗക്കാരുടെ ആവശ്യം തിരുവിതാംകൂറിൽ ഇല്ല. ഉള്ള

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Velayudhan Nair.]

വൻ ഇല്ലാത്തവനെക്കൊണ്ടു ജോലിചെയ്യിപ്പിച്ചു് ഉപജീവനം കഴിക്കുന്ന ഏർപ്പാട് നല്ലതല്ല. തൊഴിലാളി കുഴപ്പത്തെ പരിഹരിക്കുന്നതിനായിട്ട് ഏകദേശം അരഡസൻ ലജിസ്ലേഷൻ ഇവിടെ പാസാക്കാൻ പോകുന്നു. ഇതൊന്നുംകൊണ്ടു് തൊഴിലാളികൾ നന്നാകുന്നതിനോ, യഥാർത്ഥത്തിൽ അവർക്കുള്ള അവശതകൾക്കു് പരിഹാരം ഉണ്ടാകാനോ പോകുന്നില്ല. ഇന്നത്തെ തൊഴിലാളി പ്രശ്നം നിയമരഹിതവും അക്രമപരവുമാണെന്നു ഒരു ധാരണയുണ്ടു്.

MR. K. S. JOSEPH : തൊഴിലാളികൾ പോയാൽ എവിടംവരെ പോകുമെന്നറിയാമോ ?

MR. K. VELAYUDHAN NAIR : അറിയാം. മുതലാളിയുടെ മുകളിൽ വരെ പോകും. ഒന്നുകിൽ തൊഴിലാളി മുതലാളിയാകും, അല്ലെങ്കിൽ മുതലാളി തൊഴിലാളിയാകും. അവിടംവരെ ഇതു പോകും.

തൊഴിലാളികളെ അക്രമപരമായ പ്രവർത്തനങ്ങളിൽനിന്നും പിൻതിരിപ്പിക്കാനുള്ള മാർഗ്ഗങ്ങളെപ്പറ്റിയാണു നമുക്കു് ഇവിടെ ആലോചിക്കുവാനുള്ളതു്. അതിലേക്കു് വ്യവസായങ്ങൾ ദേശീയമാക്കിയതുകൊണ്ടോ, സർക്കാരിൽനിന്നും ഫ്രീ കൊല്ലത്തേക്കു് കുത്തകപ്പാട്ടത്തിനു് ഭൂമി പതിച്ചു കൊടുക്കുന്നതുകൊണ്ടോ അല്പം ആശ്വാസം കിട്ടുമെങ്കിലും, തൊഴിലാളികളെ സമാധാനപ്പെടുത്താൻ ഇനിയും പല കാര്യങ്ങൾ ആലോചിക്കേണ്ടതുണ്ടു്.

ഒരു ബാക്ബെഞ്ചർ മെമ്പർ പ്രസംഗിച്ചു, തൊഴിലാളികൾക്കു് സ്ഥലം കൊടുത്താൽ കൃഷിചെയ്യാൻ അവർക്കു് പണം ഉണ്ടാവുകയില്ലെന്നു്. വാസ്തവമാണു്. അതിനു ഞാൻ പറയുന്നതു് അവർക്കു് കൃഷി ചെയ്യാൻ തക്ക മൂലധനവും ഗവൺമെൻറിൽനിന്നും വായ്പയായി നൽകണമെന്നാണു്. അല്ലാതെ, അവർക്കു് സ്ഥലം കൊടുത്തതുകൊണ്ടു് മാത്രം ചിലപ്പോൾ പ്രയോജനമുണ്ടായി എന്നു വരുന്നതല്ല. ഒന്നാമതായി, ഈ പ്രശ്നത്തിനു് ഒരു സ്ഥായിയായ പരിഹാരം ലഭിക്കണമെങ്കിൽ, അടിയന്തരമായി ലാൻഡ്സ് നാഷണലൈസ് ചെയ്യണം. പത്തുരണ്ടായിരം ഏക്കർ സ്ഥലം-കൃഷിചെയ്യാൻ കൊള്ളാവുന്ന സ്ഥലം ഒരുമിച്ചു് എടുക്കാൻ സാധിക്കുന്ന സ്ഥലത്തു് ഈ തൊഴിലാളികളെ കൊണ്ടുപോയി അവർക്കു് കാളനികൾ കെട്ടിക്കൊടുത്തു് കൃഷിചെയ്യാൻ സാധിക്കത്തക്കവണ്ണമുള്ള മൂലധനവും വായ്പയായിട്ടു കൊടുത്തു് അവരെക്കൊണ്ടു് തൊഴിൽ ചെയ്യിക്കുമെങ്കിൽ, ഈ പ്രശ്നത്തിനു് ഒരു പരിഹാരം ലഭിക്കുന്നതാണു്. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ആഹാരസാധനങ്ങൾക്ക് വളരെ ദൗർലഭ്യമുള്ള ഒരു സന്ദർഭമാണ് ഇത്. ഞാൻ പറഞ്ഞതുപോലെ തൊഴിലാളികൾക്ക് ഇപ്പോഴുള്ള സൗജന്യങ്ങളും കൊയ്യുകൊടുത്തിട്ട് രൂപം ഉണ്ടാക്കി അവരിൽനിന്നും ആഹാരസാധനം വാങ്ങിക്കുന്നതിനു പുറമെ മൺക്കുറായി കൊടുത്തിട്ടുള്ള ധനവും, കൂറ്റുകൂറ്റായി ലഭിക്കുന്നതിനുള്ള ഒരു പദ്ധതി ഉണ്ടാക്കേണ്ടതാണ്. അങ്ങനെയുള്ള റീപ്രൊഡക്റ്റീവ് ബേസിസിൽ പോകുകയാണെങ്കിൽ നമ്മുടെ വ്യവസായത്തിന് അഭിവൃദ്ധിയും ഉണ്ടാകും. തൊഴിലാളിപ്രശ്നത്തിന് പരിഹാരവും ലഭിക്കും. പക്ഷേ അതിന് തൊഴിലാളികൾക്കും മുതലാളികൾക്കും തമ്മിൽ പരസ്പരവിശ്വാസം ഉണ്ടാകണം. എന്നാലേ ഈ സ്തംഭനത്തിനും ഒരു വിരാമമുണ്ടാകയുള്ളൂ. എന്നാൽ ഇങ്ങനെ സ്ഥായിയായ പരിഹാരത്തിനുവേണ്ടിയുള്ള ദീർഘകാലപദ്ധതിയോടൊന്നിച്ചുതന്നെ താൽക്കാലിക പരിഹാരത്തിനുവേണ്ടിയുള്ള പദ്ധതികളും രൂപീകരിച്ച് വേണ്ടതുപോലെ ചെയ്യേണ്ടതാണ്. അതിന് ആദ്യമായി ചെയ്യേണ്ടത്, ഭൂമി നാഷണലൈസുചെയ്യൽ, അധികം ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവരുടെ കയ്യിൽനിന്നും ആ ഭൂമികൾ എടുത്തു, ഇങ്ങനെ ഡിസ്ട്രിബ്യൂട്ടുചെയ്യൽ പദ്ധതി ആരംഭിക്കണം. ഈ ആദർശങ്ങൾ മനസ്സിൽ വച്ചുകൊണ്ടു പ്രവർത്തനങ്ങൾ തുടങ്ങുകയാണെങ്കിൽ, നാം ഉദ്ദേശിച്ചഫലം സിദ്ധിക്കുന്നതാണ്. ഇതിനെ സംബന്ധിച്ച് ഇതിൽ കൂടുതലായി ഒന്നുംതന്നെ പറയണമെന്നുദ്ദേശിക്കുന്നില്ല.

MR. P. CHACKO : ഇന്നത്തെ വാദപ്രതിവാദങ്ങൾ മിക്കവാറുംതന്നെ തൊഴിലാളികളുടെ അഭ്യന്നതിക്കുവേണ്ടിയുള്ള കാര്യങ്ങളെപ്പറ്റി ആയിരുന്നു എന്നു കാണുന്നതിൽ എനിക്കു സന്തോഷമുണ്ട്. ഇന്നത്തെ തൊഴിലാളിപ്രശ്നം, ഗവണ്മെൻറിനേയും തിരുവിതാംകൂറിൽ അധിവസിക്കുന്ന എല്ലാവരേയുംതന്നെ ആ വിഷയത്തിൽ കണ്ണുതുറപ്പിക്കുന്നതിനുതകുന്ന ഒന്നാണ്. ആലപ്പുഴ അടുത്തകാലത്തുണ്ടായിരുന്ന വ്യവസായസമരവും അതുകൊണ്ടുണ്ടായിട്ടുള്ള അനിഷ്ടസംഭവങ്ങളും ബഹുമാനപ്പെട്ട പ്രമേയകർത്താവ് വിസ്തരിച്ചു പറഞ്ഞു. അങ്ങനെയുള്ള വ്യവസായസമരമില്ലാതാക്കുന്നതിന് പരിഷ്കൃത ഗവണ്മെൻറുകൾ ചെയ്യുന്ന ഏതെങ്കിലും പദ്ധതികൾ നാം ചെയ്യുന്നുണ്ടോ എന്ന് ആലോചിക്കേണ്ടതാണ്. വ്യവസായസമരം ഇല്ലാതാക്കുന്നതിനും വ്യവസായസൗഹാർദ്ദം സ്ഥാപിക്കുന്നതിനും രണ്ടുകാര്യങ്ങൾ അടിസ്ഥാനമാക്കി പദ്ധതികൾ രൂപീകരിക്കുക, തൊഴിലാളികൾക്ക് ബോണസ്സ് നൽകുക, തൊഴി

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Chacko]

ലാളികളുടെ വെൽഫെയർ സംബന്ധിച്ച ജോലികൾ ഏർപ്പെടുത്തുക ഈ മാതിരി കാര്യങ്ങളിൽ നാം എത്രമാത്രം പ്രവർത്തിച്ചിട്ടുണ്ടെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ തൊഴിലാളികൾ മാത്രമല്ല ഇന്നു് അസ്വസ്ഥരായി ജീവിക്കുന്നതു്. ഇവിടത്തെ തൊഴിലാളികളുടെ കാര്യം പറയുകയാണെങ്കിൽ അവക്കു താമസത്തിനു് വീടില്ല, സ്ഥലമില്ല, അവരുടെ വീടുകളെപ്പറ്റി എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ പറഞ്ഞതുപോലെ ഒറ്റ മുറിയുള്ള വീടുകളാണു് അവക്കു് ഉള്ളതു്. അങ്ങനെ ഉള്ള ആളുകൾക്കു് എത്രമാത്രം ജീവിതസൗകര്യം ഉണ്ടായിരിക്കുമെന്നു് ആലോചിക്കണം. ആരോഗ്യം തീരെ ഇല്ലാതെ ഇരുപതാമത്തെ വയസ്സിൽത്തന്നെ ധാരാളം തൊഴിലാളികൾ നാമാവശേഷമായി തീർന്നിട്ടുള്ളതായി എനിക്കറിയാം. ഇന്ത്യയിലാണെങ്കിൽ ഇപ്പോഴത്തെ ജനതയുടെ ശരാശരി വയസ്സു് ഇരുപത്തിഏഴു മാത്രമാണു്. എന്നാൽ തൊഴിലാളിയുടെ കാര്യമാണെങ്കിൽ അതു് ഇരുപത്തിഏഴിൽ നിന്നു വളരെ കുറഞ്ഞു് ഇരുപതായി തീർന്നിട്ടുണ്ടെന്നാണു് എന്റെ അഭിപ്രായം. ഈ വിധത്തിൽ അവരുടെ ആരോഗ്യസ്ഥിതി ഇരിക്കെ അതിനെ നന്നാക്കുന്നതിനു്, ജനകീയ ഗവണ്മെന്റിനു് അവർ വോട്ടുകൊടുത്തപ്പോൾ കാൺഗ്രസ്സു് പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ളതനുസരിച്ചു്, ഈ കഴിഞ്ഞ എട്ടുമാസംകൊണ്ടു് എന്തെങ്കിലും ചെയ്യാൻ സാധിച്ചിട്ടുണ്ടോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. എവിടെയെങ്കിലും വ്യവസായ സമരം ഉണ്ടെന്നു് കാണുകയാണെങ്കിൽ അവിടെ തൊഴിലാളിപ്രവർത്തകന്മാരും മുതലാളികളും ഗവണ്മെന്റിന്റെ ലേബർഡിപ്പാർട്ടുമെന്റുകാരും കൂടി ആലോചിച്ചു് ഏതെങ്കിലും വിധത്തിൽ ഒരു താൽക്കാലിക സമാധാനം ഉണ്ടാക്കുന്നതിനു ശ്രമിക്കുന്നു. അങ്ങനെ എന്തെങ്കിലും തീരുമാനത്തിൽ എത്തിച്ചേർന്നാൽത്തന്നെ, അതു നടപ്പിൽ വരുത്തുന്നതിനു കാലതാമസം ഉണ്ടാകുന്നു. ഒന്നോ രണ്ടോ അണ ചിലപ്പോൾ കൂലി ഇനത്തിൽ കൂട്ടിയെന്നു വരാം. ഇതുമാത്രമേ ഉള്ളു. ഈ തീരുമാനങ്ങൾ താൽക്കാലികങ്ങളാണെന്നും. ക്യാപ്പിറ്റലിനും (മൂലധനത്തിനും), ലേബറിനും (തൊഴിലിനും) തമ്മിൽ സൗഹാർദ്ദമനസ്ഥിതി ഉണ്ടായിരുന്നാലല്ലാതെ വ്യവസായസമരത്തിനു് ഒരു വിരാമം ഉണ്ടാകുന്നതല്ല. മൂവായിരവും നാലായിരവും രൂപാ ശമ്പളം വാങ്ങിച്ചുകൊണ്ടു് സുഖലോലുപന്മാരായി മുതലാളികൾ കഴിയുമ്പോൾ, ദിവസം കഷ്ടിച്ചു് ഒന്നേകാലോ ഒന്നരയോ രൂപയാണു് ഒരു തൊഴിലാളിക്കു് കിട്ടുന്നതു്. വ്യവസായോൽപ്പാദനത്തിനായി മൂലധനം എത്രമാത്രം ആവശ്യമായിട്ടുണ്ടോ അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

തന്നെയുണ്ട് തൊഴിലാളിയുടെ സേവനവും. മുതലാളികൾ ഈ തത്വം മനസ്സിലാക്കി തൊഴിലാളികൾക്കും തങ്ങൾക്കു ലഭിക്കുന്ന ലാഭത്തിന്റെ ഒരു വിഹിതം മുതലാളികൾ കൊടുക്കേണ്ടതാണ്. ഇന്നത്തെ സാധനങ്ങളുടെ വില വർദ്ധനവ് തൊഴിലാളിയെ വല്ലാതെ ബാധിച്ചിട്ടുണ്ട്. അവന്റെ ഭാരമായ ക്ലേശംകൊണ്ട് അവന്റെ കുടുംബം പുലർത്തുകയും, രാത്രി സുഖമായി ഉറങ്ങുകയും ചെയ്യേണ്ട ആവശ്യമുണ്ട്. സുഖസൗകര്യാദികളോടുകൂടി മനുഷ്യനായിട്ടുതന്നെ അവനും ജീവിക്കണം. അതിന്, ഇന്നത്തെ ഗവണ്മെന്റ് സ്റ്റേറ്റ് കോൺഗ്രസ് പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്നപ്രകാരം ഉള്ള സംഗതികൾ നടപ്പിലാക്കിയാലേ സാധിക്കുകയുള്ളൂ. സംഘടിത തൊഴിലാളികൾക്ക് ഇപ്പോൾ അല്പം ആശ്വാസമുണ്ടായിട്ടുണ്ട്. എന്നാൽ തിരുവിതാംകൂറിലെ ഭക്ഷ്യാൽപ്പാദനത്തെ വളരെയധികം സഹായിക്കുന്ന കർഷക തൊഴിലാളികളുടെ കാര്യം പലപ്പോഴും ഗവണ്മെന്റ് വിസ്മരിച്ചു കളയുന്നു. തിരുവിതാംകൂറിന്റെ ഇന്നത്തെ നിലയ്ക്ക് ഭക്ഷണപദാർത്ഥം ഉൽപ്പാദിപ്പിക്കുന്നതിനുള്ള മുമതല ഗവണ്മെന്റിന്റെ ഒഴിച്ചുകൂടാത്തകുന്നാണ്. ഇപ്പോൾ ഭക്ഷ്യാൽപ്പാദനത്തിനുവേണ്ടി വനം കൃഷിക്കു കൊടുക്കുന്നുവെന്ന കേട്ടുകൊണ്ട് തിരുവിതാംകൂറിന്റെ പല ഭാഗങ്ങളിൽ നിന്നും മുതലാളി കർഷകർക്കു ധാരാളം അപേക്ഷകൾ അയച്ചു കാണും. എന്നാൽ ആ വനങ്ങളിൽനിന്നും, പുലി, ആന മുതലായ ഉഷ്ണമൃഗങ്ങളെ ഓടിച്ചു കൃഷിചെയ്യുന്നതിനും മറ്റും എത്രത്തോളം വിഷമമുണ്ടെന്നുള്ളതു നമുക്കെല്ലാവർക്കും അറിയാം. അതിനാൽ, തൊഴിലാളികൾക്ക് ഈ ഭാഗങ്ങളിൽ സ്ഥലം പതിച്ചു കൊടുക്കുകയാണെങ്കിൽ, ഈ ഉപദ്രവമൊന്നുമില്ലാതെ കൃഷി ചെയ്യുന്നതിന് തക്ക സൗകര്യമുള്ള ഭാഗം വേർതിരിച്ചു കൊടുക്കുന്നതു നന്നായിരിക്കും. വേറൊന്ന് പറയാനുള്ളതു്, ഇന്ന് തിരുവിതാംകൂറിന്റെ നാനാഭാഗത്തും നടന്നുകൊണ്ടിരിക്കുന്ന കുടിയിറക്കിനെപ്പറ്റിയാണ്. വസ്തുരഹിതരായവർക്കു വീടു വയ്ക്കുന്നതിനുള്ള സൗകര്യം ഇന്നത്തെ ഗവണ്മെന്റ്, അവരിപ്പോൾ താമസിക്കുന്ന സ്ഥലങ്ങളിൽനിന്നും കൊടുത്തേക്കുമെന്നുള്ള വിശ്വാസത്തിന്മേൽ പല സ്ഥലങ്ങളിലും പോലീസുകാരുടെ സഹായത്തോടുകൂടെ മുതലാളികൾ പ്രവേശിച്ചു സ്ഥലം കൈവശം ആക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ മാതിരി കാര്യങ്ങളിൽ ഗവണ്മെന്റിന്റെ ശ്രദ്ധ പതിയണമെന്നപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Chacko]

മുതലാളിമാരുടെ പക്ഷം ഗവണ്മെന്റ്, സ്റ്റേറ്റ് കാൺഗ്രസ് പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്ന വിധത്തിൽ ജനങ്ങളുടെ ക്ഷേമത്തെ ലാക്കാക്കി പ്രവർത്തിക്കുകയും വ്യവസായ സൗഹാർദ്ദം സ്ഥാപിക്കുകയും ചെയ്യണമെന്നുള്ള അഭിപ്രായത്തോടുകൂടി പ്രമേയത്തോട് യോജിച്ചുകൊള്ളുന്നു.

MR. PONNARA G. SREEDHAR : ഇന്നിവിടെ നടന്ന പ്രസംഗങ്ങളെല്ലാംതന്നെ, തൊഴിലാളി മുതലാളി സൌഹാർദ്ദം സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദീകരിച്ചുകൊണ്ടുള്ളവയായിരുന്നു. തൊഴിലാളികളുടെ സ്ഥിതി ഉയർത്തുന്നതിന് പല നൂതന മാർഗ്ഗങ്ങളും പലരും കണ്ടുപിടിച്ച് ഇവിടെ കൊണ്ടുവന്നിരുന്നു. പക്ഷെ എനിക്കൊരപേക്ഷയുണ്ട്. തൊഴിലാളികളുടെ നില നന്നാക്കുന്നതിന് അവർക്ക് യാതൊരു ഉപദേശവും നാം നൽകേണ്ടതില്ല. അവരുടെ കാര്യത്തെപ്പറ്റി അവർ തീരുമാനമുണ്ടാക്കിക്കൊള്ളും; അതിനുള്ള വഴി അവർക്കറിയാം. അതൊന്നുമല്ല ഇവിടത്തെ വാദവിഷയം. ആലപ്പുഴയിൽ ഗുരുതരമായ പ്രശ്നം ഉണ്ടായിട്ടുണ്ടോ? ഉണ്ടായിട്ടുണ്ടെങ്കിൽ അതിനു കാരണമെന്താണ്? അത് കമ്മ്യൂണിസ്റ്റുകാരുണ്ടാക്കിയതായാലും ശരി, മറ്റാരെങ്കിലുമുണ്ടാക്കിയതായാലും ശരി, ഇന്ന് അവിടത്തെ സ്ഥിതി ഗുരുതരമാണോ? അതിനെന്തെങ്കിലും പോംവഴി ഗവണ്മെന്റ് കണ്ടുപിടിച്ചിട്ടുണ്ടോ? അല്ലെങ്കിൽ ചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ടോ? ഇവകളെപ്പറ്റി മാത്രം ഈ അവസരത്തിൽ ആലോചിച്ചാൽ മതി. എനിക്കു തോന്നുന്നത്, ആലപ്പുഴയിലെ സ്ഥിതി ഗുരുതരമാണെന്നാണ്. അതിനുള്ള കാരണം, ഞാൻ പറയുന്നത് —(ഇതു ശരിയാണോ എന്നറിഞ്ഞുകൂടാ) എന്റെ അറിവിൽ പെട്ടിടത്തോളം ബോണസ് കാര്യത്തിൽ നിന്നാണ് ഈ കുഴപ്പം എല്ലാം ഉണ്ടായതെന്നാണ്. തിരുവിതാംകൂർ ഗവണ്മെന്റു പ്രതിനിധികളും മുതലാളിമാരുടേയും തൊഴിലാളികളുടേയും പ്രതിനിധികളുംകൂടി എത്തിച്ചേർന്ന തീരുമാനപ്രകാരം മുതലാളിമാർ ഇതുവരെ നടത്തിയിട്ടില്ലാ.

MR. P. S. MUHAMMED : അതു തെറ്റാണ്.

MR. PONNARA G. SREEDHAR : എന്റെ അറിവ് അപ്രകാരമാണ്. കമ്മ്യൂണിസ്റ്റുകാരാണ് കുഴപ്പമുണ്ടാക്കുന്നതെന്നു പറയുന്നു. എന്റെ വ്യക്തിപരമായ അഭിപ്രായമാണെങ്കിൽ കമ്മ്യൂണിസ്റ്റുകാരുടെ ആദർശം ആകർഷണീയമാണെന്നാകുന്നു. ബോണസ് കാര്യത്തെ സംബന്ധിച്ച് യാതൊരു തർക്കവും ഇല്ലെന്നാണൊ എന്റെ സ്നേഹിതൻ മി. P. S.

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതു്. എന്നാൽ അതാണു് പിശകു്. ഇന്നത്തെ അസമാധാനമെല്ലാം അതിൽനിന്നുതന്നെയാണു് ഉത്ഭവിച്ചതു്. വളരെ ചെറുതായിട്ടു തുടങ്ങിയ ആ കുഴപ്പം, ചില മുതലാളിമാരുടേയും അവരുടെ എജൻറുമാരുടേയും കൊള്ളരുതായ്മകൊണ്ടു് ഇന്നത്തെ ഗുരുതരമായ സ്ഥിതിവരെ എത്തിച്ചേർന്നു. ഇന്നത്തെ സ്ഥിതിക്കെല്ലാം ഉത്തരവാദികൾ സ്ഥലത്തെ മുതലാളിമാരും അവരുടെ ആശ്രിതരായ ഇന്നത്തെ അധികൃതന്മാരുമാണു്. അല്ലാതെ സകലതിനും ഉത്തരവാദികൾ "കമ്മൂണിസ്റ്റു"കളാണെന്നു് മുതലാളികളും അവരുടെ പാർശ്വവർത്തികളും ഉച്ചൈസ്വരം ഘോഷിക്കുന്നതു് കേട്ടു് ഏറ്റു പാടുന്നതുകൊണ്ടു് വിശേഷമില്ല. ഒരുപക്ഷേ അക്കൂട്ടർ തന്നെയാണു് ഇന്നത്തെ കുഴപ്പത്തിനു കാരണക്കാരായിരുന്നാലും, അതിനു് പ്രതിവിധി അക്കൂട്ടരെ അടിച്ചമർത്താൻ ശ്രമിക്കുകയല്ലാ, പിന്നെയോ അവരുടെ സ്വാധീനം ഇല്ലാതാക്കുന്നതിനു് തൊഴിലാളികളുടെ അവശതകൾ പരിഹരിക്കുകയാണു് വേണ്ടതു്. കമ്മൂണിസ്റ്റ് വേട്ട നടത്തുന്നതുകൊണ്ടൊന്നും കമ്മൂണിസ്റ്റുകാരുടെ ശക്തിക്കു കുറവു വരുകയുമില്ലാ, തൊഴിലാളി പ്രശ്നത്തിനു പരിഹാരം ഉണ്ടാകയുമില്ലാ. അവരുടെ ഉദ്ദേശം എന്തുതന്നെയായിരുന്നാലും, തൊഴിലാളികളെ അവരുടെ ഭാഗത്തേക്കു ആകർഷിക്കണമെങ്കിൽ തൊഴിലാളികളുടെ മുന്നിൽ അവർക്കു് ആകർഷണീയമായ എന്തെങ്കിലും ഒരു ഉന്നം കമ്മൂണിസ്റ്റുകാർ വയ്ക്കുകതന്നെ വേണം. കമ്മൂണിസ്റ്റുകാരുടെ ലക്ഷ്യം പ്രാപിക്കുന്നതിനുവേണ്ട മാർഗ്ഗം അവർക്കാരുംതന്നെ മനസ്സിലാക്കിക്കൊടുക്കേണ്ടതാവശ്യമില്ലാ. ഏതായാലും ആ കാര്യങ്ങളെപ്പറ്റി ഇവിടെ നാം ആലോചിച്ചിട്ടാവശ്യമില്ല. കമ്മൂണിസ്റ്റുകാരെ അമർച്ച വരുത്തുന്നതുകൊണ്ടു തൊഴിലാളി പ്രശ്നങ്ങൾക്കു് ഒരു പരിഹാരം ഉണ്ടാകുമെന്നു ബഹു: ഗവണ്മെൻറു് വിശ്വസിക്കേണ്ട. പ്രധാനപ്പെട്ട വ്യവസായങ്ങളെല്ലാം ദേശീയമാക്കിയാലല്ലാതെ തൊഴിലാളി-മുതലാളി പ്രശ്നങ്ങൾക്കു് ഒരു പരിഹാരം ഉണ്ടാകാൻ പോകുന്നില്ലെന്നാണു് എൻറെ അഭിപ്രായം. വെറും മൃഗീയശക്തി ഉപയോഗിച്ചു തൊഴിലാളികളേയും കമ്മൂണിസ്റ്റുകാരേയും അമർത്തുന്നതിനു് സാധിക്കുമെന്നും എനിക്കു് വിശ്വാസമില്ലാ. അതുകൊണ്ടു് ഇന്നു് ആലപ്പുഴയും മറ്റും നടക്കുന്ന കുഴപ്പങ്ങൾക്കു് ഒരു തൽക്കാലപരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടിയെങ്കിലും ബഹു: ഗവണ്മെൻറു് സൗഹാർദ്ദപൂർവ്വം തൊഴിലാളി നേതാക്കന്മാരെ സമീപിച്ചു് അവരുമായി ഒരു ഒത്തുതീർപ്പിൽ എത്തിച്ചേരാനും അങ്ങനെ കുഴപ്പങ്ങൾ അവസാനിപ്പിക്കാനും പരിശ്രമിക്കുമെന്നാണു് എൻറെ വിശ്വാസം.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : സർ, തിരുവിതാംകൂർ ഗവ ണ്മെൻറിനെ മാത്രമല്ല പരിഷ്കൃത ഗവണ്മെൻറുകളെ എല്ലാം തന്നെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും ഗൗരവമേറിയ ഒരു പ്രശ്ന ത്തിൻറെ പരിഹാരം ആവശ്യപ്പെട്ടുകൊണ്ടാണ് ഈ അടിയന്തിര പ്രമേയം ഈ സഭയിലെ ബഹു: അംഗങ്ങളുടെ പരിചിന്തനത്തിന വിഷയീഭവിപ്പിക്കണമെന്ന് ഗവണ്മെൻറ് ഉദ്ദേശിച്ചതു. ഇന്നത്തെ വാദപ്രതിവാദങ്ങളം ഒരു പരിഹാരം കണ്ടുപിടിക്കുന്നതിന്-സ്ഥായി യായ ഒരു പരിഹാരം കണ്ടുപിടിക്കുന്നതിന്-ഏതാണ്ടു സഹായകമായി രുന്നു എന്ന് സന്തോഷിക്കേണ്ടതായിട്ടുണ്ട്. ആലപ്പുഴയിലെ മാത്രമല്ല അമ്പലപ്പുഴതാലൂക്കിലേയും ചേർത്തല താലൂക്കിലേയും തൊഴിലാളികളുടെ നില വളരെ ഗുരുതരമായ ഒരു ഘട്ടത്തിലെത്തിച്ചേർന്നിട്ടുണ്ടെന്നുള്ളതു ഒരു വെറും പരമാർത്ഥം മാത്രമാണ്. അതിനു കാരണങ്ങളം പലതു മുണ്ട്. തൊഴിലില്ലായ്മയാണ് ഇതിനൊരു പ്രധാന കാരണമായി ചില ആളുകളം ഉന്നയിച്ചിട്ടുള്ളതു. തൊഴിലില്ലായ്മ ഇന്ന് അമ്പല പ്പുഴ താലൂക്കിലും ചേർത്തല താലൂക്കിലും വർദ്ധിച്ചുവരുകയാണെന്നുള്ളതു പരമാർത്ഥമാണ് അതിനുള്ള മൂലകാരണങ്ങളം എന്താണെന്ന് ബഹുമാനപ്പെട്ട അംഗങ്ങളംക്കും അറിയാമെന്ന് ഞാൻ വിശ്വസിക്കുന്നു. കയർവ്യവസായമാണ് അമ്പലപ്പുഴ താലൂക്കിലേയും ചേർത്തല താലൂ ക്കിലേയും പ്രധാന ആദായമാർഗ്ഗമായി ഇതിനകം ആളുകളം സ്വീകരി ച്ചിട്ടുള്ളതു. ആ കയർവ്യവസായത്തിന് പല കാരണങ്ങളാലും നേരി ട്ടിട്ടുള്ള മാന്ദ്യംകൊണ്ട് കയർവ്യവസായശാലകളുടെ ഉടമസ്ഥന്മാരും മാനേജരന്മാരും ചില കയർവ്യവസായശാലകളം അടച്ചിടുന്നതിന് നിർബന്ധിതരായിട്ടുണ്ട്. അതു വെറും സാമ്പത്തികമായ കാരണങ്ങ ളാൽ മാത്രമാണെന്ന് വിശ്വസിക്കുന്നതിന് മതിയായ കാരണങ്ങളം ഉണ്ട്. തൊഴിൽശാലകളം വീണ്ടും പ്രവർത്തിക്കുന്നതിനുവേണ്ട സാമ്പ ത്തികമായ ശേഷിയും അതിലേക്ക് സഹായകമായ പരിതസ്ഥിതികളും ഇല്ലാത്തതുകൊണ്ട് ചേർത്തല താലൂക്കിൽ മാത്രം ഏകദേശം നൂറോ തൊഴിൽ ശാലകളം അടച്ചിട്ടിട്ടുണ്ട്. -- ആലപ്പുഴയിലും ഏതാണ്ടം കയർ വ്യവസായശാലകളിൽ ആളുകളെ കുറയ്ക്കുന്നതിന് മാനേജരന്മാരും ഉടമ സ്ഥന്മാരും നിർബന്ധിതരായിത്തീർന്നിട്ടുണ്ട്. ഇതിലേക്കു പൂർണ്ണമായും മാനേജരന്മാരെയും ഉടമസ്ഥന്മാരേയും കുറ്റം പറയുന്നതിന് നിവൃത്തി യില്ല. അവർ എത്രകാലം നഷ്ടം സഹിച്ചുകൊണ്ട് വ്യവസായം മുന്നോട്ട

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുപോകണമെന്നുള്ളത് സംശയാസ്പദമായ ഒരു സംഗതിയാണ്. ഇങ്ങനെ തൊഴിലില്ലായ്മയുടെ ഫലമായിട്ട് തൊഴിലാളികളുടെ ഇടയിൽ മുമ്പേ ഉണ്ടായിരുന്ന അസ്വസ്ഥതയും അസമാധാനവും അസന്തുഷ്ടിയും വർദ്ധിച്ചിട്ടുണ്ട്. അതിനെ ശമിപ്പിക്കുന്നതിനായി ഏതാനും തൽപ്പരകക്ഷികൾ ശ്രമിച്ചുവരുന്നുണ്ടെന്നുള്ളതും വെറും ഒരു പ്രചാരമാത്രം മാത്രമാണ്. ഇന്ന് തൊഴിൽപ്രശ്നങ്ങൾക്ക് തിരുവിതാംകൂർ മാത്രമല്ല ലോകമാസകലം തന്നെ ഒരു സാങ്കേതികവശവും ഒരു രാഷ്ട്രീയവശവും ഉണ്ടെന്ന് എന്റെ സ്നേഹിതൻ ശ്രീമാൻ ജി. രാമചന്ദ്രൻ പറഞ്ഞ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഒരു സാങ്കേതികപ്രശ്നം മാത്രമായിട്ടല്ല ഈ പ്രശ്നം വീക്ഷിക്കേണ്ടതെന്നാണ് എനിക്കു വ്യക്തിപരമായി തോന്നുന്ന അഭിപ്രായം. സാങ്കേതിക പ്രശ്നങ്ങൾക്ക് സത്വരമായ പരിഹാരമുണ്ടാക്കേണ്ടതു തീർച്ചയായും എല്ലാ ഗവണ്മെൻറുകളുടേയും അനിവാര്യമായ ചുമതലയാണ്. അതിലേക്കു സത്വരമായ നടപടികൾ കൈക്കൊള്ളേണ്ടതും എല്ലാ ഗവണ്മെൻറുകളുടേയും ചുമതലയാണ്. എന്നാൽ സാങ്കേതികമായ വൈഷമ്യങ്ങളും സാങ്കേതികമായ അവശതകളും ഉള്ളതിനെ ശമിപ്പിച്ചുകൊണ്ട് അതിനെ അടിസ്ഥാനമാക്കി രാഷ്ട്രീയാധികാരം കൈവശപ്പെടുത്തുന്നതിനു — ഏതെങ്കിലും അക്രമം ഉപയോഗിച്ചു കൈവശപ്പെടുത്തുന്നതിനു — രാഷ്ട്രീയകക്ഷികൾ ശ്രമിക്കുന്നുണ്ടെങ്കിൽ അതിനെ ഒരു ഗവണ്മെൻറിനു എത്രമാത്രം പ്രോത്സാഹിപ്പിക്കാം അല്ലെങ്കിൽ എതിർക്കാമെന്നുള്ളത് ഈ സഭയിലെ ബഹു: അംഗങ്ങളുടെ ഗാഢമായ ചിന്തയ്ക്കു വിഷയീഭവിക്കേണ്ട ഒരു സംഗതിയാണ്. സാങ്കേതികമായ അവശതകൾ പരിഹരിക്കുന്നതിന് ഈ ഗവണ്മെൻറ് ഇതിനകം ചില നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ അതു സ്ഥായിയായ പരിഹാരമാണെന്ന് അഭിമാനിക്കുന്നില്ല. എന്നാൽ തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനുവേണ്ട നടപടികൾ ഉടൻതന്നെ കഴിയുന്നത്രവേഗത്തിൽ നടപ്പിൽ വരുത്തുന്നതിന് വേണ്ട നിഷ്കർഷകൾ ഇതിനകം ചെയ്തിട്ടുണ്ട്. ഉടൻ തന്നെ കഴിയുന്നതും വേഗത്തിൽ അവയെ നടപ്പിൽ വരുത്തുകയും ചെയ്യും. ഇന്നു തൊഴിലില്ലായ്മയുടെ ഫലമായി അവശത അനുഭവിക്കുന്ന ആളുകൾക്ക് എല്ലാം തന്നെ തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിന് പര്യാപ്തമായ ചില മാർഗ്ഗങ്ങൾ ഗവണ്മെൻറ് ഇതിനകം സ്വീകരിച്ചിട്ടുണ്ട്. ആ മാർഗ്ഗങ്ങളെ നടപ്പിൽ വരുത്തുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. T. K. Narayana Pillai]

വേണ്ട ആജ്ഞകളും താമസംവിനാ പുറപ്പെടുവിക്കുന്നതാണ്. അങ്ങനെ തൊഴിലില്ലാത്തവക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുത്തു് ഇന്നു് ആലപ്പുഴയിലേയും ചേർത്തലയിലേയും ആളുകളെ വിഷമിപ്പിക്കുന്ന പ്രശ്നങ്ങൾക്ക് താൽക്കാലികമായിട്ടെങ്കിലും ഒരു പരിഹാരം ഉണ്ടാക്കുന്നതിനു് ഗവണ്മെൻറ് അതിന്റെ സാദ്ധ്യതകളെല്ലാം തന്നെ ഉപയോഗിക്കുന്നതാണ്. എന്നാൽ തൊഴിലില്ലായ്മ മാത്രമല്ല ഇന്നു് അവിടത്തെ തൊഴിലാളി വർഗ്ഗത്തിന്റെ അടിസ്ഥാനം. ഇന്നു് ആലപ്പുഴയിലും ചേർത്തലയിലുമുള്ള തൊഴിലാളികളിൽ ഒരു വമ്പിച്ച ഭൂരിപക്ഷവും കമ്മൂണിസ്റ്റു് നേതൃത്വം സ്വീകരിച്ചിട്ടുള്ളവരാണെന്നുള്ളതു് തക്കമാറ ഒരു സംഗതിയാണു്. ഇന്നു് കമ്മൂണിസ്റ്റുകാരുടെ നിലയെന്താണു് ? അവരുടെ പ്രവർത്തനപരിപാടികൾ എന്താണു്. ഇതിനകം അവർ സ്വീകരിച്ചിട്ടുള്ള അക്രമപരമായ പദ്ധതികൾ എന്തെല്ലാമാണെന്നു് ഈ സഭയിലെ അംഗങ്ങളെ പ്രത്യേകം പറഞ്ഞറിയിക്കേണ്ട ആവശ്യമുണ്ടെന്നു് എനിക്കു തോന്നുന്നില്ല. കമ്മൂണിസ്റ്റുകാരുടെ പ്രവർത്തനപരിപാടികളെ വീക്ഷിക്കേണ്ടതു് അന്തർദ്ദേശീയമായ സംഭവപരമ്പരകളുടെ പശ്ചാത്തലത്തിൽ വേണ്ടതാണെന്നുള്ളതിലും അഭിപ്രായവ്യത്യാസത്തിനു വകയുണ്ടെന്നു് എനിക്കു് തോന്നുന്നില്ല. ഇന്നു് ചൈനയുടെ അധഃപതനംതന്നെ നോക്കുക, അതു് മിക്കവാറും കമ്മൂണിസ്റ്റുകാർക്കു് കീഴടങ്ങികഴിഞ്ഞു. മലയായിലും കമ്മൂണിസ്റ്റുകാരുടെ ശക്തി വർദ്ധിച്ചുവരുന്നുണ്ടു്, ബർമ്മായിൽ അവർ ഒരു സമരത്തിനുവേണ്ട എല്ലാ സന്നാഹങ്ങളും ഒരുക്കുന്നുണ്ടു്. ഇന്നു് ഇൻഡ്യതന്നെ മിക്കവാറും കമ്മൂണിസ്റ്റുകാരാൽ വലയം ചെയ്യപ്പെട്ടാണു് വരുന്നതെന്നുള്ളതു് വിസ്മരിക്കാവുന്നതല്ല. ഒരു അന്തർദ്ദേശീയപശ്ചാത്തലത്തിൽ നിന്നുകൊണ്ടു് കമ്മൂണിസ്റ്റുകാരുടെ ക്രമപരിപാടികളേയും ക്രമപദ്ധതികളേയും പറ്റി ചിന്തിക്കുമ്പോൾ ഒരു സാമ്പത്തികമായ ആവശ്യത്തിനു് മാത്രമല്ല അവർ കൂടുതൽ പ്രാധാന്യം കൊടുക്കുന്നതെന്നും നേരേമറിച്ചു് അവർ ഉദ്ദേശിക്കുന്നതായ സർവ്വരാജ്യം തിരുവിതാംകൂറിലും, ഭാരതഭൂമിയിൽ എവിടെയും സ്ഥാപിക്കുന്നതിനുള്ള അനന്യസാധാരണമായ ശ്രമങ്ങളിൽ ഒന്നിന്റെ ബാഹ്യപ്രകടനം മാത്രമാണു് ഇന്നു് ആലപ്പുഴയിലും ചേർത്തലയിലും വർദ്ധമാനമാക്കികൊണ്ടു വരുന്നതായ അസ്വസ്ഥതകളുടെ അന്തഃസത്തയെന്നും നമുക്കു മനസ്സിലാക്കാൻ കഴിയുന്നതാണു്. അതിലേക്കു് അവർ ഉപയോഗിക്കുന്ന മാർഗ്ഗങ്ങളും എല്ലാം തന്നെ അക്രമപരമായ മാർഗ്ഗങ്ങളാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്നുള്ളതിന് ഗവണ്മെൻറിന് മതിയായ തെളിവുകൾ ഉണ്ട്. അതു തെളിവുകൾ എത്രമാത്രം ശരിയാണെന്നുള്ളതിനെപ്പറ്റി ഇപ്പോഴവസരത്തിൽ എന്തെങ്കിലും പറയണമെന്ന് ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ചില സംഭവങ്ങൾ ബഹു: അംഗങ്ങളുടെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്ന് ഞാനാഗ്രഹിക്കുന്നു. ഇന്നു് ആലപ്പുഴയിലും ചേർത്തലയിലും നിവസിക്കുന്ന ആളുകളെ അതു ഏതു വിധമാണ് സ്പർശിക്കുന്നതെന്നും ഈ സംഭവത്തെ അവ്വിടെയുള്ള ആളുകൾ എങ്ങിനെയാണ് വീക്ഷിക്കുന്നതെന്നും ബഹു: അംഗങ്ങളെ മനസ്സിലാക്കാനുള്ള എൻെറ ശ്രമത്തിൻെറ ഫലമായിട്ടാണ് ഈ സംഭവങ്ങളെ അതേ രൂപത്തിൽ ഇവിടെ പ്രസ്താവിക്കാമെന്ന് വിചാരിക്കുന്നതു. ഇന്ന് മിക്കവാറും ആലപ്പുഴയിലെ പല കമ്പനികളിലും മുഹമ്മയിലുള്ള ഒരു ശതമാനം കമ്പനികളിലും സത്യാഗ്രഹം വളരെ കാലമായി തുടർച്ചയായി നടക്കുന്നുണ്ടു. എബ്രഹാം അൻറു സൺസ, ബാസ്ക്കോ കയർ വർക്സ്, പി. കെ. മാധവൻെറ ഫാക്ടറി, കളവങ്കോടം കയർ വർക്സ, വയലാറിലുള്ള കയർ ഫാക്ടറികൾ; ഇവയിൽ എല്ലാം തന്നെ സത്യാഗ്രഹം നടക്കുന്നുണ്ട്. ഈ സത്യാഗ്രഹത്തിനുള്ള കാരണങ്ങൾ ഞാൻ പറഞ്ഞ കമ്പനികളിൽ ജോലിനോക്കി വന്ന ഏതാനും പേരെ— ചില കമ്പനികളിൽ നിന്നു നാലോ അഞ്ചോ പേരേയും മറ്റു ചിലയിടങ്ങളിൽ നിന്നു പത്തോ പതിനഞ്ചോ പേരേയും—പുലത്തിക്കൊണ്ടു പോകുന്നതിനുള്ള സാദ്ധ്യതകൾ ഇല്ലാത്തതുകൊണ്ട് പിരിച്ചു വിട്ട എന്നുള്ളതാണ്. മുഹമ്മയിലെ കയർ ഫാക്ടറിയിൽ [illegible] മുതൽ വളരെ ഊർജ്ജിതമായ സത്യാഗ്രഹം നടക്കുന്നുണ്ട്. അതുപോലെതന്നെ കണിച്ചുകുളങ്ങര ഇന്നും സത്യാഗ്രഹം നടന്നു വരുകയാണ്. അതുമാത്രമല്ല കഴിഞ്ഞ ഏതാനും ദിവസങ്ങളായി തുടർച്ചയായി ആലപ്പുഴയിൽ ഉണ്ടായിട്ടുള്ള കയ്യേറ്റത്തെപ്പറ്റിയും എൻെറ ബഹുമാന്യസ്നേഹിതൻ മി. പി. എസ്സ്. മുഹമ്മദ് അവർകൾ ഇവ്വിടെ പറയുകയുണ്ടായി. അവിടെയുള്ള യൂറോപ്യൻ കമ്പനികളിലെ മാനേജരന്മാരെ തുടർച്ചയായി അവിടത്തെ തൊഴിലാളികൾ, അതായതു് കമ്മ്യൂണിസ്റ്റു് നേതൃത്വം സ്വീകരിച്ചിട്ടുള്ള തൊഴിലാളികൾ ഇതിനകം കയ്യേറ്റം നടത്തിയിട്ടുണ്ട്. അതിലേക്കു മതിയായ കാരണങ്ങൾ ഉണ്ടോ എന്നുള്ളതു വളരെ സംശയഗ്രസ്തമായ ഒരു സംഗതിയാണ്. ഏതാനും തൊഴിലാളികളെ പിരിച്ചുവിട്ട എന്ന കാരണത്താൽമാത്രം—അതു് ന്യായീകരിക്കത്തക്കതോ അല്ലാത്തതോ ആയിരിക്കട്ടെ—കമ്പനികളിലെ മാനേജരന്മാരെ വലയം ചെയ്യുകയും പ്രഹരിക്കുകയും ചെയ്യുന്നതു് ന്യായീകരിക്കത്തക്കതാണോ എന്നു ബഹു: മെമ്പറന്മാരുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. T. K. Narayana Pillai.]

ഞാനാഗ്രഹിക്കുന്നു. ഈ കയ്യേറ്റത്തിൽ സ്ത്രീകളും ഉൾപ്പെട്ടു എന്നാണ് അറിയുന്നത്. അതു് എത്രമാത്രം ശരിയാണെന്നുള്ളതിനെപ്പറ്റി ഒരു നിശ്ചിതമായ അഭിപ്രായം പറയുന്നതിന് എനിക്കിപ്പോൾ നിവൃത്തിയില്ല. അതേ തുടർന്ന് അവിടെയുണ്ടായിട്ടുള്ള അന്തരീക്ഷം അക്രമപരമാണെന്നുള്ളതിന് സംശയമില്ല.

ആലപ്പുഴയുടെ നാനാഭാഗങ്ങളിലും അക്രമം ഇളക്കിവിട്ടതിന് ഉപകരിക്കുന്ന പോസ്റ്റേഴ്സ് ധാരാളമായി പതിച്ചിരിക്കുന്നതു് കാണാൻ ഇടയായിട്ടുണ്ട്. ആ പോസ്റ്റേഴ്സിലുള്ള വാചകങ്ങളും ഇപ്രകാരമാണ്. "അടിക്ക് അടി, ഇടിക്ക് ഇടി, വെടിക്ക് വെടി. തോക്കിനും ലാത്തിക്കും തൊഴിലാളികളുടെ അവകാശങ്ങളെ മർദ്ദിച്ചു് ഒതുക്കാൻ സാധ്യമല്ല, ഞങ്ങളെ തല്ലിയാൽ ഞങ്ങളും തല്ലും, സമരം സിന്ദാബാദ്". മാത്രമല്ല അവിടെ കുറെ നാളുകളായി ആലപ്പുഴ ടൗൺ വിട്ടു അതിന്റെ പരിസരങ്ങളിലും ചേർത്തലയും നടന്നുവരുന്നതായ പ്രസംഗങ്ങളെല്ലാം (ആ പ്രസംഗങ്ങളുടെയെല്ലാം ചുരുക്കെഴുത്തു പകർപ്പു എന്റെ കൈവശം ഉണ്ടു്) ആളുകളെക്കൊണ്ടു അക്രമം ഉപയോഗിച്ചു് മുതലാളിമാരെ വിഷമിപ്പിക്കുന്നതിനും ഉപദ്രവിക്കുന്നതിനുമുള്ള ആഹ്വാനങ്ങളും ഏറ്റവും അസന്നിഗ്ദ്ധമായ ഭാഷയിൽ അടങ്ങിയവയായിരുന്നു. രാജവാഴ്ച അവസാനിപ്പിക്കണമെന്നുള്ള മുറവിളിയുടെ അർത്ഥവും അടിസ്ഥാനവും എനിക്കു മനസ്സിലാക്കാൻ സാധിക്കും. എന്നാൽ രാജവാഴ്ചയെ അക്രമം ഉപയോഗിച്ചു തന്നെ നശിപ്പിക്കണമെന്ന് ഒരു ക്യൂട്ടർ നിർബന്ധമായും തുടർച്ചയായും പ്രസംഗിക്കുകയാണെങ്കിൽ ഏതു ഗവണ്മെന്റിനാണ് അതിനെ പിൻതാങ്ങുന്നതിനോ അതിനെ പരിപാലിച്ചു കൊണ്ടുപോകുന്നതിനോ സാധ്യമാകുന്നതെന്ന് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. രാജവാഴ്ച വേണ്ടെന്നു പറയുന്നതു് ഒരു മുദ്രാവാക്യമെന്ന നിലയിൽ എനിക്കു മനസ്സിലാക്കാൻ സാധിക്കും. രാജവാഴ്ച അവസാനിപ്പിക്കുന്നതിന് ഒരു പക്ഷേ വ്യവസ്ഥാപിതമായ ഒരു പ്രക്ഷോഭണം നടത്തുന്നതു് എനിക്കു മനസ്സിലാക്കാൻ സാധിക്കും. എന്നാൽ ഇന്നു് നിലവിലിരിക്കുന്നതായ ഭരണക്രമത്തെ മുഴുവൻതന്നെ താറുമാറാക്കുന്നതിനു് അക്രമം ഉപയോഗിക്കണമെന്നു് തുടർച്ചയായി പ്രസംഗിക്കുന്നതിന്റെ അർത്ഥം എന്താണെന്നു് എനിക്കു് മനസിലാക്കാൻ സാധിക്കുന്നില്ല. സാമ്പത്തികമായ അവശതകൾ മാത്രമാണു് അവരുടെ ഇന്നത്തെ പ്രക്ഷോഭണത്തിന്റെ കാരണമെങ്കിൽ ഇതിന്റെ ആവശ്യമുണ്ടോ? ഏതെങ്കിലും ഗവണ്മെന്റു് അതനുവദിക്കുമോ? ഇതിനു മുമ്പു് എവിടെയെങ്കിലും ഏതെങ്കിലും പരി

LIBRARY ARCHIVES Kerala Legislative Assembly

ഷ് കൃതഗവണ്മെൻറ് ഈ മാതിരിയുള്ള അക്രമങ്ങളെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടോ, അല്ലെങ്കിൽ അനുവദിച്ചിട്ടുണ്ടോ എന്നുള്ളതും സംശയഗ്രസ്തമായ ഒരു സംഗതിയാണ്. അതുകൊണ്ടു ഇന്ന് ആലപ്പുഴയിലെ നിവാസികൾ അഭിമുഖീകരിക്കുന്നതു് തീർച്ചയായും വളരെ ഗുരുതരമായ ഒരു സന്ധിയെയാണ്. എന്നാൽ അതിനെ ബലം ഉപയോഗിച്ചു മർദ്ദനം ഉപയോഗിച്ചു ഏതെങ്കിലും വിധത്തിൽ ഇല്ലാതാക്കണമെന്ന് ഈ ഗവണ്മെൻറിന് ഒരു നിമിഷംപോലും അഭിപ്രായമില്ല. ഈ മാതിരിയുള്ള പ്രസംഗങ്ങളെ അടിസ്ഥാനമാക്കി അവരുടെ പേരിൽ നടപടി നടത്തുന്നതിനും ഈ ഗവണ്മെൻറിന് സാദ്ധ്യമായിരുന്നു. എന്നാൽ മർദ്ദനം കൊണ്ടു ഇന്ന് തൊഴിലാളികളുടെ പ്രശ്നങ്ങൾക്കു ശാശ്വതമായ ഏതെങ്കിലും പരിഹാരമുണ്ടാക്കാൻ സാദ്ധ്യമല്ലെന്ന് ഗവണ്മെൻറിന് നല്ലപോലെ അറിയാം. എന്നാൽ അക്രമത്തെ തടയാതെ യാതൊരു നിവൃത്തിയുമില്ല. ഇന്ന് ജനകീയഭരണതത്വങ്ങളിൽ വിശ്വസിക്കുന്ന ഗവണ്മെൻറിന് സമാധാനം പരിപാലിക്കുകയെന്നുള്ളതു് പ്രാധാന്യമർഹിക്കുന്ന ഒരു ചുമതലയാണ്. ആളുകൾക്കു ഗവണ്മെൻറിൽ വിശ്വാസം ഉണ്ടായിരിക്കുക, ആളുകൾ സുരക്ഷിതമായ ഒരു അവസ്ഥയിലാണ് ജീവിക്കുന്നതെന്നും ജീവിക്കാൻ പോകുന്നതെന്നുമുള്ള ഒരു ബോധം സാധാരണ ജനങ്ങളിൽ ഉണ്ടാക്കേണ്ടതും ഗവണ്മെൻറിൻെറ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കർത്തവ്യമാണ്. (ബെൽ) അതുകൊണ്ടു അക്രമപ്രസക്തമായ ഒരന്തരീക്ഷം സൃഷ്ടിച്ചു് അതിനെ ആസ്പദമാക്കി ആളുകളെ ഭീഷണിപ്പെടുത്തി ആളുകളെ സ്വാധീനമാക്കാമെന്ന് ഏതെങ്കിലും വിഭാഗങ്ങളോ ആളുകളോ ജനസമൂഹമോ വിചാരിക്കുന്നുവെങ്കിൽ അതു തീർച്ചയായും അനുവദനീയമായിരിക്കുകയില്ല. ഈ സഭയും അതിനെ അനുവദിക്കുകയില്ലെന്നാണ് എൻെറ പരിപൂർണ്ണമായ വിശ്വാസം. എന്നാൽ അതോടുകൂടിത്തന്നെ അവരുടെ ന്യായമായ അവശതകൾക്ക് സ്ഥായിയായ പരിഹാരമുണ്ടാക്കുന്നതിന് ഈ ഗവണ്മെൻറിൻെറ സർവ്വ ശക്തികളും ഉപയോഗിക്കുന്നതാണെന്ന് എൻെറ തൊഴിലാളി സ്നേഹിതന്മാർക്ക് ഉറപ്പു നൽകുവാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ. അതിലേക്കായി സത്വരമായ നടപടികൾ ഉടൻതന്നെ എടുക്കുന്നതാണ്. ഇന്ന് തൊഴിലില്ലായ്മയും പരിഹാരം ഉണ്ടാക്കേണ്ടതു് ഗവണ്മെൻറിൻെറ ചുമതലയാണെന്നുള്ള ബോദ്ധ്യത്തോടുകൂടി തന്നെ ശ്രീമാൻ രാമകൃഷ്ണപിള്ള അവർകൾ പറഞ്ഞതു

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. T. K. Narayana Pillai]

പോലെ ൨൦ ലക്ഷമോ ൨൫ ലക്ഷമോ രൂപാചെലവാക്കി അടുത്ത യാഴ്ചതന്നെ അതിലേക്കുവേണ്ട പ്രവർത്തനം ആരംഭിക്കണമെന്നാണ് ഗവണ്മെൻറു വിചാരിക്കുന്നതു്. അതുകൊണ്ടു് തൊഴിലില്ലായ്മക്കു് താൽക്കാലികമായ ഒരു പരിഹാരമെങ്കിലും ഉടൻ തന്നെ ഉണ്ടാക്കുന്നതാണ്. എന്റെ സ്നേഹിതൻ ഇവിടെ പറഞ്ഞ മറ്റു സംഗതികളെപ്പറ്റിയും ഈ ഗവണ്മെൻറിന്റെ സാമ്പത്തിക കഴിവുകളെ അടിസ്ഥാനമാക്കി ചെയ്യാവുന്നതെല്ലാം ചെയ്യുന്നതാണെന്നു ഈയവസരത്തിൽ എന്റെ തൊഴിലാളി സ്നേഹിതന്മാരോടു ഉറപ്പുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ അക്രമം കൊണ്ടു് ഗവണ്മെൻറിനെ മാത്രമല്ല ജനസമൂഹത്തെ വിഷമിപ്പിക്കരുതെന്നു് അവരുടെ ഒരു അഭ്യുദയകാംക്ഷി എന്ന നിലയിൽ ഞാൻ അവരോടു അപേക്ഷിച്ചുകൊള്ളുന്നു. ഇതുമാത്രമാണു് എനിക്കു് ഈയവസരത്തിൽ പറയാനുള്ളതു്. എനിക്കു് വേറെയും പല സംഗതികളും പറയാനുണ്ടു്. എന്നാൽ സമയചുരുക്കത്താൽ അവയെ വിശദീകരിക്കാൻ ഇപ്പോൾ സാദ്ധ്യമല്ല. എന്തായാലും ആലപ്പുഴയിൽ അക്രമപ്രസക്തമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനാണു് കമ്മൂണിസ്റ്റുകാർ ശ്രമിച്ചുവരുന്നതെന്നുള്ളതു് എനിക്കു് തെളിയിക്കാൻ സാധിക്കും. പോലീസുകാരെപ്പറ്റി പറയുകയാണെങ്കിൽ അവർ ചെയ്യുന്നതെല്ലാം ന്യായീകരിക്കുകയല്ല ഞാൻ ചെയ്യുന്നതു്. ഇന്നു് ആലപ്പുഴയിലും ചേർത്തലയിലും നിലവിലിരിക്കുന്ന അന്തരീക്ഷത്തിന്റെ സ്വഭാവം എന്താണെന്നു് മനസ്സിലാക്കി പോലീസുകാർ ചെയ്യുന്നതെല്ലാം അക്രമമാണെന്നു് ആരുംതന്നെ വിശ്വസിച്ചുപോകരുതെന്നു് ഒരു മുന്നറിയിപ്പു നൽകുന്നതിനും ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ. ചില അവസരങ്ങളിൽ അവർ ഉപയോഗിക്കുന്ന ബലം ആവശ്യത്തിൽ കൂടുതലായിപ്പോയിയെന്നും വരാം. ശ്രീമാൻ ബാലകൃഷ്ണൻതമ്പി പറഞ്ഞതുപോലെ വികാരാവേശത്താൽ പ്രക്ഷുബ്ധമായിരിക്കുന്ന ഒരു ജനസമൂഹത്തെ പിരിച്ചു വിടേണ്ടിവരുന്ന സമയത്തു അവരെ തുറിച്ചുനോക്കുന്ന പരിതഃസ്ഥിതികളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഫോഴ്സ് ഉപയോഗിക്കേണ്ടിവരുകയാണെങ്കിൽ അതു് ഏതെങ്കിലും നിയമത്തെ ലംഘിച്ചിട്ടുണ്ടോ എന്നുള്ള സംഗതി സൂക്ഷ്മമായി പരിശോധിച്ചു് അവസാനമായ ഒരു തീരുമാനത്തിൽ എത്തിച്ചേരുന്നതിനു് പോലീസുകാർക്കു തന്നെ ചിലപ്പോൾ സാധിച്ചില്ലെന്നു് വരാം. എന്നാൽ പ്രത്യേകമായി പോലീസുകാരോടു നിഷ്കർഷിച്ചിട്ടുള്ള ഒരു സംഗതിക്കൂടി പറഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടു എന്റെ പ്രസംഗം അവസാനിപ്പിച്ചു കൊള്ളാം. അങ്ങനെ യായാൽ പോലീസുകാർ ആരെയും ഉപദ്രവിക്കരുതെന്നും സമാധാനം പരിപാലിക്കുന്നതിനുവേണ്ടി നിയമപരമായ നടപടികൾ കയ്ക്കൊള്ളണമെന്നും മാത്രമെ പോലീസുകാർക്ക് ഈ ഗവണ്മെന്റിൽ നിന്നും അറിവു നൽകിയിട്ടുള്ളൂ.

MR. PRESIDENT : ഈ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ ഫ ഫ മണിക്കു് വീണ്ടും കൂടുന്നതുമാണു്.

The motion was talked out
The Assembly adjourned at 6-5 P. M.

V. KRISHNAMOORTHI AIYAR,
Secretary to the Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly